# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 33 | Issue 7 | Fortnightly | December 1, 2021 | Page 24 | ₹ 10




## മനുഷ്യാവകാശവും നമ്മുടെ ഭരണഘടനയും

ഡിസംബർ 10
മനുഷ്യാവകാശ ദിനം

പേജ് 3

എ.എം ബഷീർ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ


## സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

കേരള സംസ്ഥാന ബെവ്റീജസ് (മാനുഫാക്ച്ചറിംഗ് & മാർക്കറ്റിംഗ്) കോർപറേഷൻ ലിമിറ്റഡിൽ

## ലോവർ ഡിവിഷൻ ക്ലാർക്ക്

ഉൾപ്പെടെ 44 കാറ്റഗറികളിൽ വിജ്ഞാപനം പേജ് 4


| | |
|---|---|
| കലയും സാഹിത്യവും | പേജ് 11 |
| ജീവിതം, ഭാഷ, വ്യാകരണം | പേജ് 12 |
| ENRICH YOUR GK | പേജ് 13 |
| ഗണിതം ഇനി ലളിതം | പേജ് 14 |
| PREVIOUS QUESTION PAPERS | പേജ് 18 |
| EXAMINATION PROGRAMME- FEBRUARY 2022 | പേജ് 20 |
| ഇന്ത്യൻ ഭരണഘടന | പേജ് 23 |
| ഇതര തൊഴിലിടങ്ങൾ | പേജ് 23 |

പി.എസ്.സി.ബുള്ളറ്റിൻ സബ്സ്ക്രൈബ് ചെയ്യാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

പി.എസ്.സി. ബുള്ളറ്റിൻ ഇ.വെർഷന് ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**
ഡോ. കെ. പി. സജിലാൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**പത്രാധിപസമിതി അംഗങ്ങൾ**
ടി. ആർ. അനിൽകുമാർ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പി. എച്ച്. മുഹമ്മദ് ഇസ്മയിൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
റോഷൻ റോയ് മാത്യു
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
എസ്. എ. സെയ്ഫ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ബോണി കുര്യാക്കോസ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**എഡിറ്റർ**
സാജു ജോർജ്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**
കെ. വി. സുനുകുമാർ

ഫോൺ : 0471 2546368 OR 9446412483
സർക്കുലേഷൻ (പി.ആർ. യൂണിറ്റ്): 0471 2546270


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മീഷൻ,
പട്ടം പാലസ് പി.ഒ., തിരുവനന്തപുരം-695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് - 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400, 0471 2546401, 0471 2444428, 0471 2444438, 0471 2447201 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2988857, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188,
കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665,
ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278,
ഇടുക്കി: 04868 272359, എറണാകുളം: 0484 2988847,
തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398,
മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971,
വയനാട്: 04936 202539, കണ്ണൂർ: 0497 2700482,
കാസർഗോഡ്: 04994 230102

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 നവംബർ 15

**പ്ലസ്ടു തല പൊതുപ്രാഥമിക പരീക്ഷ അർഹതാ പട്ടിക പ്രസിദ്ധീകരിക്കും**

1. പോലീസ് വകുപ്പിൽ (7 ബറ്റാലിയനുകൾ) പോലീസ് കോൺസ്റ്റബിൾ (എ.പി.ബി.)
2. എറണാകുളം ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ - ഒന്നാം എൻ.സി.എ.- ഹിന്ദു നാടാർ (കാറ്റഗറി നമ്പർ 121/19).
3. കൊല്ലം, കോട്ടയം, തൃശൂർ, കണ്ണൂർ ജില്ലകളിൽ വുമൺ സിവിൽ എക്സൈസ് ഓഫീസർ - രണ്ടാം എൻ.സിഎ. മുസ്ലീം (കാറ്റഗറി നമ്പർ 465/19).
4. വിവിധ ജില്ലകളിൽ എക്സൈസ് വകുപ്പിൽ വുമൺ സിവിൽ എക്സൈസ് ഓഫീസർ - ഒന്നാം എൻ.സി.എ.- ഈഴവ/തിയ്യ/ബില്ലവ, പട്ടികജാതി, മുസ്ലീം, എസ്.ഐ.യു.സി.നാടാർ (കാറ്റഗറി നമ്പർ 270/19, 271/19, 272/19, 273/19, 274/19).
5. വിവിധ ജില്ലകളിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 538/19).
6. വിവിധ ജില്ലകളിൽ ഫയർ ആൻഡ് റെസ്ക്യൂ സർവീസിൽ ഫയർ വുമൺ ട്രെയിനി (കാറ്റഗറി നമ്പർ 245/20).
7. ഫയർ ആൻഡ് റെസ്ക്യൂ സർവീസിൽ ഫയർമാൻ ട്രെയിനി - ഒന്നാം എൻ.സി.എ.- എസ്.സി.സി.സി. (കാറ്റഗറി നമ്പർ 359/19).
8. ഫയർ ആൻഡ് റെസ്ക്യൂ സർവീസിൽ ഫയർമാൻ ട്രെയിനി (കാറ്റഗറി നമ്പർ 139/19).

## 2021 നവംബർ 22

**അഭിമുഖം നടത്തും**

1. മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി സർജൻ ഗ്രേഡ് 2 (ഒന്നാം എൻ.സി.എ.-ധീവര) (കാറ്റഗറി നമ്പർ 103/2021).
2. വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഫുഡ് പ്രൊഡക്ഷൻ ജനറൽ) (ഒന്നാം എൻ.സി.എ.-ഒ.ബി.സി.) (കാറ്റഗറി നമ്പർ 38/2019).

**ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കും**

1. ഇൻഷുറൻസ് മെഡിക്കൽ സർവീസിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (ഒന്നാം എൻ.സി.എ.- എൽ.സി./എ.ഐ., ഹിന്ദുനാടാർ, ധീവര) (കാറ്റഗറി നമ്പർ 264/2020, 408/2020, 29/2021).
2. കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (കാറ്റഗറി നമ്പർ 128/2021).
3. തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (കാറ്റഗറി നമ്പർ 125/2020).
4. തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)- വകുപ്പുതല ക്വാട്ട (കാറ്റഗറി നമ്പർ 126/2020).

**ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തും**

കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ- സീനിയർ (ഫിസിക്സ്) (പട്ടികജാതി/പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 267/2021).

**ഓൺലൈൻ പരീക്ഷ നടത്തും**

1. പൊതുവിദ്യാഭ്യാസ വകുപ്പിൽ യു.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 304/2020).
2. പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 305/2020).
3. കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ - ജൂനിയർ (ഫിസിക്സ്) (പട്ടികജാതി/പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 271/2021).

## 2021 നവംബർ 29

**അഭിമുഖം നടത്തും**


1. കെ.എസ്.എഫ്.ഡി.സി. ലിമിറ്റഡിൽ സൗണ്ട് എഞ്ചിനീയർ (കാറ്റഗറി നമ്പർ 328/2020).
2. ഗവ. ആയുർവേദ മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ (രസശാസ്ത്ര ആൻഡ് ഭൈഷജ്യകൽപന) (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 265/2021).

**സാധ്യത പട്ടിക പ്രസിദ്ധീകരിക്കും**

1. കെ.എൽ.ഡി.സി. ലിമിറ്റഡിൽ ഓവർസീയർ ഗ്രേഡ് 2/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 (എൻ.സി.എ.- എൽ.സി./എ.ഐ.) (കാറ്റഗറി നമ്പർ 347/2020).
2. കേരള വാട്ടർ അതോറിറ്റിയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 485/2020).

# പ്ലസ്ടുതല മുഖ്യപരീക്ഷകൾ ഫെബ്രുവരിയിൽ

പ്ലസ്ടുതലം വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകളുടെ മുഖ്യപരീക്ഷകൾ 2022 ഫെബ്രുവരിയിൽ നടത്തുവാൻ കേരള പബ്ലിക് സർവീസ് കമ്മിഷൻ തീരുമാനിച്ചു. 2021 ഏപ്രിൽ 10, 18 തീയതികളിലായി നടന്ന പ്രാഥമിക പരീക്ഷയിൽ യോഗ്യത നേടുന്നവർക്കുള്ള മുഖ്യപരീക്ഷയാണ് ഫെബ്രുവരിയിൽ നടക്കുന്നത്. പരീക്ഷയുടെ ടൈംടേബിളും തസ്തിക തിരിച്ചുള്ള വിശദമായ സിലബസും പി.എസ്.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രാഥമിക പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള യോഗ്യതാ പട്ടികകൾ ഡിസംബർ ആദ്യവാരത്തോടെ പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പി.എസ്.സി. പരീക്ഷയുടെ ചോദ്യരീതിയിലുണ്ടായ മാറ്റത്തിനനുസരിച്ച് പരീക്ഷ എഴുതുവാനുള്ള സമയത്തിലും മാറ്റം വരുത്തുവാൻ കമ്മിഷൻ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി 1 മുതൽ നടക്കുന്ന പ്രാഥമിക പരീക്ഷ ഒഴികെയുള്ള എല്ലാ ഒ.എം.ആർ/ഓൺലൈൻ പരീക്ഷകൾക്കും 90 മിനിട്ടായിരിക്കും. എന്നാൽ പ്രാഥമിക പരീക്ഷകൾക്ക് നിലവിലുള്ള 75 മിനിട്ട് തുടരുന്നതാണ്. പി.എസ്.സി പരീക്ഷയുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പുതിയ ചോദ്യശൈലി ഏറെ ഗുണകരമാണെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.






# മനുഷ്യാവകാശവും നമ്മുടെ ഭരണഘടനയും

എ.എം ബഷീർ, ജില്ലാ ജഡ്ജി

ആദ്യം മനുഷ്യനാണോ അതോ അവനുള്ള അവകാശമാണോ സ്വയംഭൂവായത് എന്ന തർക്കത്തിലാണ് നാമിപ്പോഴും . ഇപ്പോഴും ഉത്തരം കിട്ടാത്ത പ്രഹേളിക. ഒരു കുഞ്ഞിനുവേണ്ടിയുള്ള സമീപകാലത്തെ അവകാശ സമരത്തിൽ നിന്നും കുറേയൊക്കെ നാം മനസ്സിലാക്കിക്കഴിഞ്ഞ കാര്യമാണിത്.

മനഷ്യരെല്ലാവരും തുല്യാവകാശങ്ങളോടു കൂടി ജനിച്ചിട്ടുള്ളവരാണ് എന്ന് പറഞ്ഞുതുടങ്ങുന്നിടത്താണ് മനുഷ്യവകാശ ചിന്തകൾക്കും തുടക്കം കുറിക്കുന്നത്. ഒരു കുഞ്ഞ് ജനിക്കുന്നതിനു മുൻപ് , അതായത് അമ്മയുടെ ഗർഭാശയത്തിൽ ഉരുവം കൊണ്ട അന്നു മുതൽ ആ അവകാശം സ്ഥാപിതമാകുന്നു. അവൾക്ക് അല്ലെങ്കിൽ അവന് ഗർഭപാത്രത്തിൽ സുരക്ഷിതമായി കഴിയാനുള്ള അവകാശമുണ്ട്. ഭ്രൂണഹത്യയോ മറ്റോ നടത്തി ഇല്ലാതാക്കുക കുറ്റകരമാണ്. ഗർഭസ്ഥ ശിശുവിന്റെ സ്വത്തവകാശം വരെ സംരക്ഷിക്കപ്പെടുന്നുണ്ട്. ജനിച്ചുകഴിഞ്ഞാൽ കുഞ്ഞിന്റെ സുരക്ഷിതത്വത്തിനുള്ള അവകാശം വളർന്ന് മരണം വരെ തുടരുകയും ചെയ്യുന്നു. മനുഷ്യന്റെ അവകാശം അപ്പോൾ അവൻ ഗർഭപാത്രത്തിലേക്ക് പ്രവേശിക്കുന്ന അന്നു മുതൽക്കാണോ ?

’ജാതിമതഭേദമെന്യേ പ്രായപൂർത്തിവന്ന ഏതൊരാൾക്കും വിവാഹം ചെയ്തു കുടുംബസ്ഥനാകാനുള്ള അവകാശമുണ്ട്. വിവാഹിതരാകുവാനും വൈവാഹികജീവിതം നയിക്കുവാനും വിവാഹമോചനത്തിനും അവർക്കു തുല്യാവകാശങ്ങളുണ്ട്,’ എന്ന് യു.എൻ ജനറൽ അസംബ്ലിയുടെ പ്രഖ്യാപനം എല്ലാ രാഷ്ട്രങ്ങളും അംഗീകരിച്ച് അംഗരാജ്യങ്ങൾ അതിനനുസൃതമായ നിയമങ്ങൾ നിർമിച്ചു. അപ്പോൾ വിവാഹം കഴിഞ്ഞ് സന്താനോല്പാദനം നടത്താനുള്ള അവകാശമാണ് ആദ്യം അനുവദിക്കപ്പെട്ടത് എന്ന് സമ്മതിക്കേണ്ടിവരുന്നു.അങ്ങനെയെങ്കിൽ ആ ദമ്പതികൾ പദ്ധതിയിടുന്ന കുഞ്ഞിന്റെ മനുഷ്യവകാശം എന്ന് മുതൽക്കാണ് ആരംഭിക്കുന്നത് ?

അതായത്, മനുഷ്യന്റെ ഉത്പ്പത്തി മുതൽ അവകാശങ്ങൾ മനുഷ്യനോടോപ്പം ഉടലെടുത്തു . അതിനു കാലഗണനയില്ല. ജാതി, മതം, നിറം, ഭാഷ, സ്ത്രീപുരുഷഭേദം, രാഷ്ട്രീയാഭിപ്രായം, സ്വത്ത്, കുലം ഭേദമന്യേ അവകാശങ്ങൾക്കും സ്വതന്ത്ര്യത്തിനും സർവ്വജനങ്ങളും അർഹരാണ്. സ്വയരക്ഷാബോധത്തോടും സ്വാതന്ത്ര്യത്തോടും കൂടി ജീവിക്കുവാൻ ഏതൊരാൾക്കും അധികാരമുണ്ട്. നമുക്കു ചുറ്റും കേൾക്കുന്ന വാർത്തകൾ അടിസ്ഥാനപ്പെടുത്തിയാൽ മനുഷ്യന് സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുന്നുണ്ടോ എന്നത് വിമർശത്തിനു വിധേയമാണ്.

’പൈശാചികവും ക്രൂരവും അപമാനകരവുമായ രീതിയിൽ ആരോടും പെരുമാറരുത്. ആർക്കും അത്തരത്തിലുള്ള ശിക്ഷകൾ നൽകുകയുമരുത്.’ എന്നതാണ് മറ്റൊരു യു.എൻ പ്രഖ്യാപനം. ലോകത്തെ നടുക്കുന്ന മനുഷ്യവാകാശ ലംഘനങ്ങൾ അഫ്ഗാനിസ്ഥാനിലും,ബർമയിലും,പാലസ്തീനിലും നാം ഇന്നും കണ്ടുകൊണ്ടിരിക്കുന്നു. അപ്പോൾ ആരാണ് ഈ അവകാശ സംരക്ഷകർ ? ആർക്കാണ് ഈ അവകാശ ലംഘനങ്ങൾക്കുത്തരവാദിയായവരെ ശിക്ഷിക്കാൻ അധികാരമുള്ളത് ? വാസ്തവത്തിൽ അത്തരം ഒരു സംവിധാനം ഫലപ്രദമായി നിലവിൽ ഉണ്ടോ ? ഉണ്ടെങ്കിൽ തന്നെ രാജ്യങ്ങൾ ആ നിയമങ്ങൾ അംഗീകരിക്കുന്നുണ്ടോ ?

തലവെട്ടുക തുടങ്ങി പ്രാകൃത ശിക്ഷാരീതികൾ ആവർത്തിക്കുമ്പോൾ അതു നടപ്പിലാക്കുന്ന രാജ്യത്തെ അല്ലെങ്കിൽ സംഘടനയെ നമുക്ക് വിചാരണ ചെയ്യാൻ കഴിയുന്നില്ല. ഒരു വിചാരണക്കും വിധേയമാക്കാതെ നടത്തുന്ന ഈ ശിക്ഷാരീതികളെ മറ്റു രാജ്യങ്ങൾക്കോ അന്തരാഷ്ട്ര സംഘടനകൾക്കോ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ ആ രാജ്യത്തിനകത്ത് പെട്ടുപോയ മനുഷ്യരുടെ വിലാപങ്ങൾ അല്പനേരത്തെ ഇടവേളക്കുശേഷം മറ്റെല്ലാവരും മറക്കുന്നു.

നിയമത്തിനു മുൻപിൽ എല്ലാവരും തുല്യരാണ് എന്നാണല്ലോ. യാതൊരു ഭേദമന്യേ നിയമപരമായ രക്ഷക്ക് എല്ലാവർക്കും അർഹതയുള്ളതുമാണ്. ഈ അവകാശത്തെ ആരെങ്കിലും ലംഘിക്കുകയാണെങ്കിൽ അത്തരം പ്രവൃത്തികളിൽ നിന്നും രക്ഷതേടുവാനുള്ള അവകാശം എല്ലാവർക്കും ഉള്ളതാണ്. ഇൻഡ്യൻ ഭരണഘടന മുന്നോട്ടു വക്കുന്ന ആശയവും ഇതു തന്നെയാണ്. അതെന്താണെന്ന് പരിശോധിക്കാം.

വ്യവസ്ഥാപിതമായ ഭരണത്താലും നിയമത്താലുമല്ലാതെയും കാരണം കൂടാതെയും യാതൊരാളേയും അറസ്റ്റ് ചെയ്യാനും, തടവിൽ വെക്കുവാനും, വിചാരണകൂടാതെ ശിക്ഷിക്കാനും പാടുള്ളതല്ല.സ്വതന്ത്രവും പക്ഷപാതമില്ലാത്തതുമായ കോടതി മുൻപാകെ തന്റെ അവകാശങ്ങളേയും അധികാരങ്ങളേയുംകുറിച്ചു തുറന്നുപറയുന്നതിനും തന്നിൽ ആരോപിക്കുന്ന കുറ്റത്തെക്കുറിച്ചു വാദിക്കുന്നതിനും ഏതൊരാൾക്കും അധികാരമുള്ളതാണ്. കുറ്റവാളിക്കു വാദിക്കുന്നതിനു സകല സന്ദർഭങ്ങളും നൽകി നിയമാനുസൃതമായി പരസ്യമായ ഒരു വിചാരണക്കു ശേഷം കുറ്റം തെളിയുന്നതുവരെ ഏതൊരു കുറ്റവാളിയേയും നിരപരാധിയെന്നു കരുതേണ്ടതാണ്. ഈ രാജ്യത്തിനെതിരെ യുദ്ധം ചെയ്ത അജ്മൽ കസബിനുപോലും നാം സർക്കാർ ഖജനാവിൽ നിന്നും പണം നൽകി സൗജന്യ നിയമസഹായം ലഭ്യമാക്കിയത് നീതിയുക്തമായ നിയമസംവിധാനം എക്കാലത്തും നിലനിൽക്കാൻ വേണ്ടിയും മനുഷ്യാവകാശം സംരക്ഷിക്കാൻ വേണ്ടിയുമാണ് എന്നോർക്കുക.

നിലവിലിരിക്കുന്ന നിയമങ്ങൾക്കനുസരിച്ച ശിക്ഷകൾ മാത്രമേ ഏതൊരാൾക്കും നൽകുവാൻ പാടുള്ളൂ.കാരണം കൂടാതെ യാതൊരാളുടെ സ്വകാര്യജീവിതത്തിലും, കുടുംബജീവിതത്തിലും, വ്യക്തികളുടെ മറ്റു സാങ്കേതികവിനിമയങ്ങളിലും കൈ കടത്തുവാൻ പാടുള്ളതല്ല. പെഗാസസ് ഫോൺ ചോർത്തൽ വിവാദം സൂക്ഷ്മമായ അന്വേഷണത്തിനു വിധേയമാക്കണം എന്ന് സുപ്രീം കോടതി ഉത്തരവിട്ടത് ഈ പശ്ചാത്തലത്തിലാണ്. എന്നുതന്നെയല്ല, യാതൊരാളുടെ സ്വഭാവത്തേയും അന്തസ്സിനേയും കാരണം കൂടാതെ ആക്ഷേപിക്കുവാനും പാടുള്ളതല്ല. സൈബർ ഇടങ്ങളിലെ ആക്രമണങ്ങൾ, ബോഡി ഷെയ്മിങ്ങ് തുടങ്ങിയ പുതിയ കുറ്റകൃത്യങ്ങൾ സമൂഹത്തിൽ ഈയിടെ വർധിച്ചുവരികയാണ്.

സ്വതന്ത്രചിന്തക്കും സ്വതന്ത്ര മതവിശ്വാസത്തിനും എല്ലാവർക്കും അധികാരമുണ്ട്. ഒറ്റക്കായോ കൂട്ടമായിത്തന്നെയോ മതം മാറുവാനും പരസ്യമായോ രഹസ്യമായോ പ്രകടിപ്പിക്കുവാനും ആചരിക്കുവാനും ആരാധിക്കാനുമുള്ള അധികാരവും ഇതിൽതന്നെ അടങ്ങിയിരിക്കുന്നു.സ്വതന്ത്രമായ അഭിപ്രായപ്രകടനത്തിനു എല്ലാവർക്കും അധികാരമുണ്ട്. എന്നാൽ, ഭരണഘടന എല്ലാ വിധ സ്വാതന്ത്ര്യങ്ങൾക്കും പരിധി നിശ്ചയിച്ചിട്ടുണ്ട് എന്ന കാര്യം പലപ്പോഴും വിസ്മരിക്കപ്പെടുന്നു. എല്ലാ മനുഷ്യർക്കും ലഭിക്കുന്ന ഒരു അവകാശമായ സഞ്ചാര സ്വാതന്ത്ര്യത്തിന് തടസ്സമായി വിവിധ മതസ്ഥർ സ്ഥാപിച്ച റോഡരികിലെ നിർമാണപ്രവർത്തികൾ നീക്കം ചെയ്യണമെന്ന് ഈയിടെ ഹൈക്കോടതി ഉത്തരവിടുകയുണ്ടായി. ചിലരുടെ അവകാശങ്ങൾ മറ്റു ചിലരുടെ അവകാശലംഘനങ്ങളായി മാറുന്ന ധാരാളം കാഴ്ചകൾ നാം കാണുകയും ചെയ്യുന്നുണ്ട്.

സമാധാനപരമായി യോഗം ചേരുന്നതിന്ന് എല്ലാവർക്കും അധികാരമുണ്ട്. എന്നാൽ നാം കാണുന്ന പല സമരങ്ങളും റോഡ് ഉപരോധിച്ചും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കിയുമാണ്. സമരം ചെയ്യുക എന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന ഒരവകാശമാണ്. എന്നാൽ അത് സമാധാനപരമായിരിക്കണം. അത് തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും അവകാശം നേടിയെടുക്കുന്നതിനുള്ള മാർഗമാണ്.ന്യായമായ സമരത്തിലേർപ്പെട്ട തൊഴിലാളിയെ പിരിച്ചുവിടാൻ പാടുള്ളതല്ല. ഒരു പ്രത്യേക സംഘത്തിൽ ചേരുവാൻ ആരെയും നിർബന്ധിക്കുവാൻ പാടുള്ളതല്ല. പ്രവൃത്തിയെടുക്കുവാനും സ്വതന്ത്രമായി പ്രവൃത്തി തിരഞ്ഞെടുക്കുവാനുമുള്ള അധികാരം എല്ലാവർക്കുമുണ്ട്.

തുല്യമായ പ്രവൃത്തിയെടുത്താൽ തുല്യമായ ശമ്പളത്തിന് എല്ലാവരും അർഹരാണ്. പ്രവൃത്തിയെടുക്കുന്ന ഏതൊരാൾക്കും കുടുംബസമേതം മനുഷ്യർക്ക് യോജിച്ച ജീവിതം നയിക്കത്തക്ക ശമ്പളത്തിനു അർഹതയുണ്ട്. അവരവരുടെ താല്പര്യങ്ങളുടെ രക്ഷക്കുവേണ്ടി ഏതൊരാൾക്കും പ്രവൃത്തിസംഘടനകൾ രൂപീകരിക്കാനും അത്തരം സംഘടനകളിൽ ചേരുവാനും അധികാരമുള്ളതാണ്. ന്യായമായ പ്രവൃത്തി സമയം, ഇടക്കിടക്കു ശമ്പളത്തോടുകൂടിയ ഒഴിവുദിവസങ്ങൾ, ഒഴിവുസമയം, വിശ്രമം ഇവയ്ക്ക് ഏതൊരാൾക്കും അവകാശമുള്ളതാണ്. തുണിക്കടകൾ , ജ്വല്ലറികൾ പോലുള്ള സ്ഥാപനങ്ങളിൽ വിശ്രമമില്ലാതെ നിന്ന് ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് ഇരിക്കാനുള്ള അവകാശം ഈയിടെ സർക്കാർ അനുവദിച്ചത് നാം കണ്ടു. വിവിധമേഖലകളിലെ അസംഘടിത തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കുകയും ചെയ്തു.

ഭക്ഷണം, വസ്ത്രം, വൈദ്യസഹായം ,വിദ്യാഭാസം തുടങ്ങി എല്ലാവർക്കുമുള്ള അവകാശ പട്ടിക നീളുകയാണ്. എല്ലാവർക്കും ഭക്ഷണം ഉറപ്പുവരുത്താൻ ഫുഡ് സേഫ്റ്റി ആക്റ്റ് നിലവിൽ വന്നു. എന്നാൽ എല്ലാവരിലേക്കും അതെത്തിക്കുക എന്നത് ഇപ്പോഴും പൂർണമായിട്ടില്ല. വിശപ്പു സഹിക്കാതെ ഭക്ഷണം മോഷ്ടിച്ചാൽ ആളെ വകവരുത്തുക എന്ന പ്രാകൃതർ ഇന്നും നമുക്കിടയിലുണ്ട്. രോഗികൾ ചികിത്സകിട്ടാതെ മരിക്കുന്നതും വിരളമല്ല. പ്രാഥമിക വിദ്യാഭ്യാസമെങ്കിലും സൗജന്യമായിരിക്കേണ്ടതാണ്. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമായിരിക്കേണ്ടതുമാണ്. ഇപ്പോൾ സർക്കാർ സ്കൂളിലേക്ക് കുട്ടികൾ മാറിത്തുടങ്ങിയതിന്റെ സൂചന ഇതിന്റെ ഭാഗമാണ്. വിദ്യാഭ്യാസം അവകാശമായി മാറിയിരിക്കുന്നു.

ഇതൊക്കെപ്പറഞ്ഞെങ്കിലും അവകാശത്തിനൊപ്പം കടമകൾ നിർവഹിക്കേണ്ടതിനെക്കുറിച്ചും ഭരണഘടന ഓർമിപ്പിക്കുന്നുണ്ട്. ഒറ്റക്കാര്യം പറഞ്ഞ് നിർത്താം. ഒരു തൊഴിലാളി ചില ആനുകൂല്യങ്ങൾ കിട്ടിയില്ല എന്ന് പറയുമ്പോൾ ’സർവീസ് ആനുകൂല്യം’ കിട്ടിയില്ല എന്ന് പറയാൻ തയ്യാറാകുന്നില്ല. സർവീസ് ചെയ്തതിന്റെ പ്രതിഫലമാണ് ആനുകൂല്യം. ആനുകൂല്യങ്ങൾ മാത്രമായി ഒരു അവകാശവുമില്ല... ●

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 30-11-2021, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 30.11.2021 അവസാന തീയതി: 05.01.2022 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2011 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിച്ച ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യു അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

**ജനറൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം**

### കാറ്ററി നമ്പർ : 549/2021
### ഡെപ്യൂട്ടി ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷൻ മീഡിയ ഓഫീസർ
### ആരോഗ്യ വകുപ്പ്

**1. വകുപ്പ്** : ആരോഗ്യ വകുപ്പ്
**2. ഉദ്യോഗപ്പേര്** : ഡെപ്യൂട്ടി ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷൻ മീഡിയ ഓഫീസർ
**3. ശമ്പളം** : ₹ 55200-115300/
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായപരിധി** : 18-39, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പരമാവധി 50 വയസ്സ് തികയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി നിയമാനുസൃത ഇളവുണ്ടായിരിക്കും. വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് 2 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക
**7. യോഗ്യതകൾ** : 1. സോഷ്യൽ സയൻസ് /സോഷ്യൽ വർക്ക് /എഡ്യൂക്കേഷനിൽ ലഭിച്ചിട്ടുള്ള മാസ്റ്റേഴ്സ് ഡിഗ്രി. (മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ)
2. ബാച്ചിലേഴ്സ് ഡിഗ്രിയും സോഷ്യൽ സയൻസിൽ ഡിപ്ലോമയും ഉണ്ടായിരിക്കണം.

### കാറ്ററി നമ്പർ : 550/2021
### അസിസ്റ്റന്റ് ടൗൺ പ്ലാനർ
### ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ്

**1. വകുപ്പ്** : ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ടൗൺ പ്ലാനർ
**3. ശമ്പളം** : ₹ 55200-115300/
**4. ഒഴിവുകളുടെ എണ്ണം** : 3 ( മൂന്ന്)
**കുറിപ്പ്:** 17 .10 .2012 ലെ ജി .ഒ (പി )നമ്പർ 61 / 12 എസ് ഡബ്ലിയുഡി പ്രകാരം 3 % ഒഴിവുകൾ ലോക്കോമോട്ടോർ ഡിസബിലിറ്റി / സെറിബ്രൽ പാൾസി, ലോവിഷൻ, ഹിയറിംഗ് ഇംപയർമെൻറ് എന്നീ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായപരിധി** : 18-36, ഉദ്യോഗാർത്ഥികൾ 01/01/1985 നും 02/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് നൽകുന്നതാണ്.
* (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
**7. യോഗ്യതകൾ** :1) ടൗൺ ആൻഡ് കൺട്രി പ്ലാനിംഗിലോ അല്ലെങ്കിൽ റീജിയണൽ പ്ലാനിംഗ് /സിറ്റി പ്ലാനിംഗിലോ ഉള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ഡിപ്ലോമ .

**അല്ലെങ്കിൽ**

2) ഗവണ്മെന്റ് അംഗീകൃതമായ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ നേടിയ സിവിൽ എഞ്ചിനീയറിംഗിലോ ആർക്കിടെക്ചറിലോ ഫിസിക്കൽ പ്ലാനിംഗിലോ ഉള്ള ബിരുദം.

### കാറ്ററി നമ്പർ : 551/2021
### അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)
### ജലസേചനം

**1. വകുപ്പ്** : ജലസേചനം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)
**3. ശമ്പളം** : ₹ 55200-115300/
**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**കുറിപ്പ്:** i) മേൽപ്പറഞ്ഞ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ പ്രതിരോധസേനയിലെ സേവനം ആവശ്യപ്പെടുന്ന സമയത്ത് അവരുടെ ആദ്യത്തെ 10 വർഷത്തെ സേവനത്തിനിടയിൽ 4 വർഷം (പരിശീലനകാലമുൾപ്പെടെ) പ്രതിരോധ സർവീസിലോ പ്രതിരോധം സംബന്ധിച്ച ജോലിയിലോ ഇന്ത്യയിലെവിടെയെങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഈ നിർബന്ധിത സൈനികസേവനം 40 വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ബാധകമല്ല.
ii) 17.10.2012ലെ G.O. (P) No. 61/2012/SWD സർക്കാർ ഉത്തരവ് പ്രകാരം ടി തസ്തികയുടെ 3% ഒഴിവുകൾ ഭിന്നശേഷിവിഭാഗത്തിൽപ്പെട്ട (Category: Locomotor Disabiltiy/Cerebral Pasly, Low Vision, Hearing Impairment) ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായപരിധി** : 20-40. ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01. 2001 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്കും അനുവദനീയമായ വയസ്സിളവുണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
**7. യോഗ്യതകൾ** : (1) കേരള സർവ്വകലാശാലയുടെ മെക്കാനിക്കൽ എഞ്ചിനീയറിംങ്ങിലുള്ള ബി.എസ്.സി. ബിരുദമോ തത്തുല്യ യോഗ്യതയോ

**അല്ലെങ്കിൽ**

(2) മദ്രാസ് സർവ്വകലാശാലയുടെ മെക്കാനിക്കൽ എഞ്ചിനീയറിംങ്ങിലുള്ള ബി. ഇ. ബിരുദമോ തത്തുല്യ യോഗ്യതയോ

**അല്ലെങ്കിൽ**

(3) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സിന്റെ മെക്കാനിക്കൽ എൻജിനീയറിങ്ങിലുള്ള അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യതയോ

**അല്ലെങ്കിൽ**

(4) ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് (ഇന്ത്യ) യുടെ മെക്കാനിക്കൽ എൻജിനീയറിങ്ങിലുള്ള അസോസിയേറ്റ് മെമ്പർഷിപ്പ് എക്സാമിനേഷന്റെ A യും Bയും സെക്ഷനുകൾ പാസായിരിക്കണം

**അല്ലെങ്കിൽ**

(5) കേരള സർവ്വകലാശാലയുടെ മെക്കാനിക്കൽ എൻജിനീയറിങ്ങിലുള്ള ബി. എസ്.സി. ബിരുദത്തിന് തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത

## കാറ്ററി നമ്പർ : 552/2021
## മെഡിക്കൽ ഓഫീസർ (ഹോമിയോ)
## ഹോമിയോപ്പതി
## (തസ്തികമാറ്റം വഴിയുള്ള നിയമനം)

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ (ഹോമിയോ)
**3. ശമ്പളം** : ₹ 55200-115300/
**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ
**5 പ്രായപരിധി** : ബാധകമല്ല
**6 നിയമന രീതി** : താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം

**വിഭാഗങ്ങൾ (എ)**
ഹോമിയോപ്പതി വകുപ്പിൽ ജോലിചെയ്യുന്ന ഹോമിയോ നഴ്സുമാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.
**(ബി)** ഹോമിയോപ്പതി വകുപ്പിൽ ജോലിചെയ്യുന്ന ഹോമിയോ ഫാർമസിസ്റ്റുമാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.
**(സി)** ഹോമിയോപ്പതി വകുപ്പിൽ ജോലിചെയ്യുന്ന ക്ലാർക്കുമാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.
നേരിട്ടുള്ള നിയമനം, തസ്തികമാറ്റം വഴി ഹോമിയോപ്പതി വകുപ്പിൽ ജോലിചെയ്യുന്ന നേഴ്സ് (ഹോമിയോ), ഫാർമസിസ്റ്റ് (ഹോമിയോ), ഹോമിയോപ്പതി വകുപ്പിൽ ജോലിചെയ്യുന്ന ക്ലാർക്കുമാർ എന്നിവരിൽ നിന്നും 5:1:1:1 എന്ന അനുപാതത്തിൽ നിയമനം നടത്തുന്നതാണ്. മേൽ പ്രസ്താവിച്ച ഓരോ വിഭാഗത്തിനും പ്രത്യേകം ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഒഴിവ് നിലവിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ബൈട്രാൻസ്ഫർ വിഭാഗത്തിൽ മതിയായ തോതിൽ ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ ആ ഒഴിവുകൾ പൊതുവിഭാഗത്തിന് നൽകുന്നതും അങ്ങനെ നഷ്ടം വരുന്ന ഒഴിവുകൾ പിൽക്കാലത്ത് തിരികെ നൽകുന്നതുമല്ല. തസ്തിക മാറ്റം വഴിയുള്ള നിയമനങ്ങൾക്ക് സംവരണ ചട്ടങ്ങൾ ബാധകമല്ല. ഉദ്യോഗാർത്ഥിയുടെ നിയമന ശിപാർശ കർശനമായും റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനത്തിലായിരിക്കും.
**7. യോഗ്യതകൾ** 1. കേരളത്തിലെ ഏതെങ്കിലും സർവകലാശാലയിൽ നിന്നും ഹോമിയോപ്പതിയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

മേൽപ്പറഞ്ഞ യോഗ്യതയ്ക്ക് തത്തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവകലാശാലകളോ കേരള സർക്കാരോ അംഗീകരിച്ചതോ, ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973ലെ ഷെഡ്യൂൾ '2' ൽ ഉൾപ്പെടുത്തിയതോ ആയ ബിരുദം. 2
2.ഹൗസ് സർജൻസി/ഇന്റേൺഷിപ്പ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.
3. കേരളത്തിലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ടാറിൽ നിന്നുള്ള 'എ' ക്ലാസ് രജിസ്ട്രേഷൻ.
4. ഹോമിയോപ്പതി സർവ്വീസിൽ നേഴ്സ് (ഹോമിയോ), ഫാർമസിസ്റ്റ് (ഹോമിയോ), ഹോമിയോപ്പതി വകുപ്പിൽ ക്ലാർക്ക് ഇവയിൽ അപ്രൂവ്ഡ് പ്രൊബേഷണർ അല്ലെങ്കിൽ ഫുൾമെമ്പർ ആയിരിക്കേണ്ടതാണ്.
താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ച ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് അപേക്ഷ അയക്കുന്ന സമയത്ത് അപ് ലോഡ് ചെയ്യേണ്ടതും വെരിഫിക്കേഷൻ സമയത്ത് സർവ്വീസ് സർട്ടിഫിക്കേറ്റിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. അല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

## കാറ്ററി നമ്പർ : 553/2021
## സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)
## കേരള സ്റ്റേറ്റ് ഇലക്ട്രീസിറ്റി ബോർഡ് ലിമിറ്റഡ്

**1. വകുപ്പ്** : കേരള സ്റ്റേറ്റ് ഇലക്ട്രീസിറ്റി ബോർഡ് ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)
**3. ശമ്പളം** : ₹ 41600-82400/
**4. ഒഴിവുകളുടെ എണ്ണം** : 131

മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.
**കുറിപ്പ് (1):** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കുന്നവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ച് വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii), (iv) & (xii) കാണുക)
2) കേരള ഫിഷറീസ് കോർപ്പറേഷനിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് 31.12.1984ലെ ജി.ഒ.(ആർ.റ്റി)1942/84/പി.ഡബ്ല്യു നമ്പർ ഉത്തരവ് പ്രകാരം ടി കോർപ്പറേഷനിലുള്ള സർവ്വീസിന്റെ ദൈർഘ്യത്തോളം വയസ്സിളവിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ യതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്)വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. ഒരേ മാർക്ക് ലഭിക്കുന്ന ഉദ്യോഗാർത്ഥികളിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നതാണ്. ടി ആനുകൂല്യങ്ങൾ ലഭിക്കേണ്ട ഉദ്യോഗാർത്ഥികൾ തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യം പിരുച്ചുവിടപ്പെട്ട തീയതി ഇവ തെളിയിക്കുന്നതിനും കേരള ഫിഷറീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായപരിധി** : 18-36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01. 2003നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).എസ്സ്.സി /എസ്സ്.ടി, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകളിലെ 2 -ാം ഖണ്ഡിക നോക്കുക.)
**7. യോഗ്യതകൾ** : (1) പൊതുയോഗ്യത
പത്താം ക്ലാസ് അല്ലെങ്കിൽ തത്തുല്യം പാസായിരിക്കണം.
(2)സാങ്കേതിക യോഗ്യതകൾ
എഐസിറ്റിഇ അംഗീകരിച്ച മൂന്ന് വർഷത്തെ റഗുലർ / പാർട്ട് ടൈം ഇലക്ട്രിക്കൽ / ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്ലോമ പാസായിരിക്കണം.
മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതകളെക്കാൾ ഉയർന്ന യോഗ്യതകളുള്ള (ഇലക്ട്രിക്കൽ / ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിംക്സ് എഞ്ചിനീയറിംഗിൽ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി) ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.
**കുറിപ്പ് :** ഭിന്നശേഷി വിഭാഗക്കാർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.
8. (a)പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v),(vii)(viii), (ix),(x),(xi) & (xiii) എന്നീ ഉപഖണ്ഡികകളും 5, 6, 7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b)മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ : 554/2021
## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ടൗൺ പ്ലാനിംഗ് സർവേയർ ഗ്രേഡ് I
## ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് വകുപ്പ്

**1. വകുപ്പ്** : ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് വകുപ്പ്
**2. ഉദ്യോഗപ്പേര്** : ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ ടൗൺ പ്ലാനിംഗ് സർവേയർ ഗ്രേഡ് I
**3. ശമ്പളം** : ₹ 37400-79000/
**4. ഒഴിവുകളുടെ എണ്ണം** : 06 (ആറ് )
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായപരിധി** : 18-36, ഉദ്യോഗാർത്ഥികൾ 01/01/1985 നും 02/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് നൽകുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് ഗസറ്റ്‌വിജ്ഞാപനത്തിലെ പാർട്ട് 2 വിൽ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
**7. യോഗ്യതകൾ** : സിവിൽ എഞ്ചിനീയറിംഗിലോ ആർക്കിടെക്ചർ എഞ്ചിനീയറിംഗിലോ ലഭിച്ച ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത .

## കാറ്ററി നമ്പർ : 555/2021
## ജൂനിയർ ഇൻസ്ട്രക്ടർ (ടെക് നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം)
## വ്യാവസായിക പരിശീലനം

**1. വകുപ്പ്** : വ്യാവസായിക പരിശീലനം
**2. ഉദ്യോഗപ്പേര്** : ജൂനിയർ ഇൻസ്ട്രക്ടർ (ടെക് നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം)
**3. ശമ്പളം** : ₹ 37400-79000/
**4. ഒഴിവുകളുടെ എണ്ണം** : 17(പതിനേഴ്)

**കുറിപ്പ്:** 3-1-2013ലെ G.O.(P) No. 1/2013/SJD ഉത്തരവനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (locomotor disabiltiy/ cerebral pasly, hearing impairment, low vision) സംവരണം ചെയ്തിരിക്കുന്നു.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായപരിധി** : 19-44. ഉദ്യോഗാർത്ഥികൾ 2.1.1977നും 1.1.2002നും ഇടയിൽ (രണ്ട് തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുമുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട് IIപൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
**7. യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.
2. (എ) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിലുള്ള മൂന്നുവർഷത്തെ പരിചയവും.

**അല്ലെങ്കിൽ**

(ബി) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ഒരു വർഷത്തെ പരിചയവും.

**അല്ലെങ്കിൽ**

(സി) ഗവൺമെന്റ് അഥവാ ഗവൺമെന്റ് അംഗീകൃത പോളിടെക്നിക്കിൽ നിന്നും അനുയോജ്യമായ എഞ്ചിനീയറിംഗ് ശാഖയിൽ നേടിയ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത.
**കുറിപ്പ്:** അനുയോജ്യമായ/ബന്ധപ്പെട്ട ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡറായുള്ള പരിചയം പ്രസ്തുത ട്രേഡിലുള്ള പരിചയമായി കണക്കാക്കുന്നതാണ്.
**കുറിപ്പ് :** 1. പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിചയ യോഗ്യത വേണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
2. പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർഥികൾ ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സട്ടിഫിക്കറ്റ് നമ്പർ,തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെപേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയസർട്ടിഫിക്കറ്റിന്റെ scanned image /സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയസർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയുള്ളത് ) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർഥികൾ പരിചയസർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ് .
**(പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവർക്കുള്ള സത്യവാങ്മൂലം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**
**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

## കാറ്ററി നമ്പർ : 556/2021
## അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ
## കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**1. സ്ഥാപനം** : കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ
**3. ശമ്പളം** : ₹ 19240-34500/
**4. ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്)

**കുറിപ്പ്:** മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.
09/09/2013 ലെ G.O.(P) No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% ഒഴിവുകൾ ഭിന്നശേഷി വിഭാഗക്കാർക്കായി (ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ, കാഴ്ച്ചക്കുറവുള്ളവർ) സംവരണം ചെയ്തിരിക്കുന്നു.
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
**6 പ്രായപരിധി** : 18-36 ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗക്കാർ എന്നിവർക്ക് നിയമാനുസൃതമായ വയസ്സ് ഇളവ് അനുവദിക്കുന്നതാണ്.
**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലികമായി ജോലി നോക്കിയിട്ടുള്ളവർക്ക് അവരുടെ സർവീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ ഒരു കാരണവശാലും ഇവരുടെ ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.
(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (I), (ii), (iii),(iv),(vi),(vii)&(xiv) നോക്കുക).
**7. യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ സിവിൽ എഞ്ചിനീയറിംഗിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത

**അല്ലെങ്കിൽ**

ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഇൻ ഇന്ത്യയുടെ, സിവിൽ എഞ്ചിനീയറിംഗിലുള്ള, എ.എം.ഐ.ഇ. സെക്ഷനുകൾ 'എ' യും 'ബി' യും പാസായിരിക്കണം

**അല്ലെങ്കിൽ**

അഗ്രിക്കൾച്ചർ എഞ്ചിനീയറിഗിലുള്ള ബിടെക് ബിരുദം

**അല്ലെങ്കിൽ**

അഗ്രിക്കൾച്ചർ എഞ്ചിനീയറിഗിലുള്ള ബിഇ ബിരുദം

**അല്ലെങ്കിൽ**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗിലുള്ള ബി.എസ് സി ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത
8. a) പൊതുവ്യവസ്ഥകളിലെ 2-ാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ : 557/2021
## പമ്പ് ഓപ്പറേറ്റർ
## കേരളത്തിലെ സർവ്വകലാശാലകൾ

**1. സ്ഥാപനം** : കേരളത്തിലെ സർവ്വകലാശാലകൾ
**2. ഉദ്യോഗപ്പേര്** : പമ്പ് ഓപ്പറേറ്റർ
**3. ശമ്പളം** : ₹ 18,000-41,500/ (PR)
**4. ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)

**കുറിപ്പ് :** I) 2015ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിലെ Rule 2 a(i) മുതൽ (xiii) വരെ നിഷ്കർഷിക്കുന്ന സർവ്വകലാശാലകളിലേയും ഈ ആക്ടിൽ നിയമപ്രകാരം ചേർക്കപ്പെടുന്ന മറ്റ് സർവ്വകലാശാലകളിലെയും ടി തസ്തികയുടെ നിയമനങ്ങൾക്ക് ഈ വിജ്ഞാപനം ബാധകമായിരിക്കും.

ii) ഈ വിജ്ഞാപനപ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ പറയുന്ന എല്ലാ സർവ്വകലാശാലകളിലെയും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്കു് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷമാത്രം അയച്ചാൽ മതിയാകും. ഓരോ സർവ്വകലാശാലകളിലേയ്ക്കും അതാതു സർവ്വകലാശാലകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വേറൊരു സർവ്വകലാശാലയിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹതയില്ലാതാകുന്നതുമാണ്. ഒന്നിലധികം സർവ്വകലാശാലകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു സർവ്വകലാശാലയിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് തന്റെ പേര് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ സർവ്വകലാശാലകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കിലെടുക്കുമ്പോൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യം ഇല്ല. എന്നാൽ ആദ്യത്തെ സർവ്വകലാശാലയിൽ ഒഴിവുണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക സർവ്വകലാശാലയിൽ തന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18-36, ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് IIലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ:** 1. എസ്സ്.എസ്സ്.എൽ.സി യോ തത്തുല്യ യോഗ്യതയോ.

2. ഐ.റ്റി.ഐ/എൻ.റ്റി.സി.മോട്ടോർ മെക്കാനിക്ക്/ഫിറ്റർ/ഇലക്ട്രീഷ്യൻ അഥവാ രണ്ടു വർഷത്തെ മെട്രിക് കോഴ്സിനുശേഷം നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്ന ഡ്രാഫ്റ്റ്സ്മാൻ (ഇലക്ട്രിക്കൽ) ദ്വിവൽസര നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അഥവാ തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 558/2021

## ലോവർ ഡിവിഷൻ ക്ലാർക്ക്

## കേരള സംസ്ഥാന ബെവ്റീജസ് (മാനുഫാക്ച്ചറിംഗ് & മാർക്കറ്റിംഗ്) കോർപറേഷൻ ലിമിറ്റഡ്

**1. സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന ബെവ്റീജസ് (മാനുഫാക്ച്ചറിംഗ് & മാർക്കറ്റിംഗ്) കോർപറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക്

**3. ശമ്പളം** : ₹ 9190-15780/

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ് :** (i) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം

(ii) 03.01.2013 തീയതിയിലെ G.O.(P) No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (ചലന വൈകല്യമുള്ളവർ/ സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ, കാഴ്ച കുറവുള്ളവർ) സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായ പരിധി** : 18-36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും വിധവകൾക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**നോട്ട്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസിലുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i), (ii), (iii), (iv), (vi), (vii) & (xii) നോക്കുക.)

**7. യോഗ്യതകൾ:** (1) എസ് എസ് എൽ സി അഥവാ തത്തുല്യ യോഗ്യത

8. (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുളള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 559/2021

## ലോവർ ഡിവിഷൻ ക്ലാർക്ക് (തസ്തികമാറ്റം വഴി )

## കേരള സംസ്ഥാന ബെവ്റീജസ് (മാനുഫാക്ച്ചറിംഗ് & മാർക്കറ്റിംഗ്) കോർപറേഷൻ ലിമിറ്റഡ്

**1. സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന ബെവ്റീജസ് (മാനുഫാക്ച്ചറിംഗ് & മാർക്കറ്റിംഗ്) കോർപറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക് (തസ്തികമാറ്റം വഴി )

**3. ശമ്പളം** : ₹ 9190-15780/

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ് :** (i) റിപ്പോർട്ട് ചെയ്യുന്ന എൽ ഡി ക്ലാർക്ക് തസ്തികയുടെ 10% ഒഴിവുകൾ കേരള സംസ്ഥാന ബെവ്റീജസ് കോർപറേഷൻ ലിമിറ്റഡിൽ താഴ്ന്ന തസ്തികയിൽ സ്ഥിരം സർവീസിൽ ജോലി ചെയ്യുന്നവർക്കായി നീക്കി വെച്ചിരിക്കുന്നു

(ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5. നിയമന രീതി** : തസ്തികമാറ്റം വഴി (കേരള സ്റ്റേറ്റ് ബെവ്റീജസ് കോർപ്പറേഷനിൽ കമ്മീഷന്റെ പരിധിയിലുള്ള താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും)

**6 പ്രായ പരിധി** : ഉയർന്ന പ്രായപരിധി ബാധകമല്ല

**7. യോഗ്യത:** (1)എസ് എസ് എൽ സി അഥവാ തത്തുല്യ യോഗ്യത (അപേക്ഷകർ ടി കോർപ്പറേഷനിൽ താഴ്ന്ന തസ്തികകളിൽ സ്ഥിരം സർവീസിൽ ഉള്ളവരും കമ്മീഷന്റെ പരിധിയിൽ വരുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ വഴി ടി തസ്തികയിൽ പ്രവേശിച്ചവരും ആയിരിക്കണം)

ഉദ്യോഗാർത്ഥിയുടെ സർവീസിനെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന ഫോറത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

Service Certificate to be produced for recruitment Byt ransfer as LD Clerk in Kerala State Beverages (Manufacturing&Marketing) Corporation Limited.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

(ബി) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യുന്ന ആകെ ഒഴിവുകളുടെ 10 % ഒഴിവുകൾ കേരള സ്റ്റേറ്റ് ബെവ്റീജസ് കോർപ്പറേഷനിലെ താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്നവർക്കായി നീക്കിവെച്ചിട്ടുണ്ട്. അവരുടെ തിരഞ്ഞെടുപ്പ് നടപടികൾ പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിലായിരിക്കുന്നതും അവർ എസ് എസ് എൽ സി അഥവാ തത്തുല്യ യോഗ്യത നേടിയിരിക്കേണ്ടതുമാണ്. നേരിട്ടുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും വേണ്ടി കമ്മീഷൻ ഒരു മത്സര പരീക്ഷ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും വേണ്ടി പ്രത്യേകം പ്രത്യേകം റാങ്ക് പട്ടികകൾ തയ്യാറാക്കപ്പെടുന്നതാണ്. കമ്മീഷൻ നടത്തുന്ന മത്സര പരീക്ഷയിൽ 40 % മാർക്ക് നേടുന്നവരെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായുള്ള റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. അവരെ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിക്കാതെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ 9, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ ടേണുകളിൽ നിയമന ശിപാർശ നടത്തുന്നതാണ്. തസ്തികമാറ്റം വഴിയുള്ള റാങ്ക് പട്ടികയിൽ നിന്നും 10 % ഒഴിവുകളിൽ നിയമന ശിപാർശ നടത്തുവാൻ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഇല്ലാതെ വരുന്ന പക്ഷം നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നടത്തുന്നതായിരിക്കും. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള (തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്) ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാകുന്നതിനു മുമ്പ് നിയമനം ലഭിച്ചില്ലെങ്കിൽ അവരെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി തുടർന്ന് കമ്മീഷൻ തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ ഏറ്റവും മുകളിൽ ഉൾപ്പെടുത്തുന്നതാണ്.

(സി) കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ബാധകമല്ല.

(ഡി). മേൽപറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 560/2021

## ഡ്രൈവർ ഗ്രേഡ് II

## കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

## വിഭാഗം II (ജനറൽ കാറ്റഗറി)

**1. സ്ഥാപനം** : കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് II

**3. ശമ്പളം** : ₹ 5250-8390/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേക്കുള്ള തെരഞ്ഞടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതാണ്. കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്നും ഈ തസ്തികയ്ക്കായി അറിയിക്കുന്ന ഒഴിവുകൾ, ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം), സൊസൈറ്റി കാറ്റഗറി (കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കായുള്ള വിഭാഗം) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. 1958ലെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2.ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

3. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 18 - 40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** 1) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:** 1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം

2. ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ളതും ചുരുങ്ങിയത് മൂന്നു വർഷമായി പ്രാബല്യത്തിലുള്ളതുമായ ഡ്രൈവിംഗ് ലൈസൻസും ഡ്രൈവേഴ്സ് ബാഡ്ജും ഉണ്ടായിരിക്കണം. (അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും എഴുത്തു പരീക്ഷാ തീയതി, പ്രായോഗിക പരീക്ഷാ തീയതി. ഇന്റർവ്യൂ തീയതി, നിയമന തീയതി എന്നീ തീയതികളിൽ നിലവിലുള്ളതായിരിക്കണം ഡ്രൈവിംഗ് ലൈസൻസ്). 16.01.1979ന് ശേഷം നൽകിയ ഡ്രൈവിങ് ലൈസെൻസിൽ ഹെവി ഗുഡ്സിനും ഹെവി പാസ്സഞ്ചർ വാഹനങ്ങൾക്കും ഉള്ള അംഗീകാരമുണ്ടായിരിക്കണം, ഇവയിൽ ഒരഗീകാരം മാത്രമുള്ള ലൈസൻസുകൾ നിരസിക്കപ്പെടുന്നതാണ്.

**മെഡിക്കൽ ഫിറ്റ്നസ് :**

(i) ചെവി : പരിപൂർണ്ണ ശ്രവണ ശക്തി ഉണ്ടായിരിക്കണം.

(ii) കണ്ണ് : (രണ്ടു കണ്ണുകളും)

| | |
|---|---|
| ദൂരക്കാഴ്ച | : 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | : 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധാരണം |
| നിശാന്ധത | : ഇല്ലായിരിക്കണം |

(iii) പേശികളും സന്ധികളും: തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളുംആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(iv) നാഡീവ്യവസ്ഥ : പൂർണ്ണമായും സാധാരണ നിലയിലുള്ളതായിരിക്കണം. പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ് (1)** : ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള 'T' Test ഉൾപ്പെടെയുള്ള പ്രായോഗിക പരീക്ഷ കമ്മീഷൻ നടത്തുന്നതാണ്. 'T' ടെസ്റ്റിൽ വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിന് പങ്കെടുപ്പിക്കുകയുള്ളു.

(2) : ഫിസിക്കൽ ഫിറ്റ്നസിനെ സംബന്ധിച്ച് അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റും കാഴ്ചയെ സംബന്ധിച്ച് സർക്കാർ സർവ്വീസിലുള്ള ഓഫ്താൽ മോളജിസ്റ്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും (നിശ്ചിത മാതൃകയിൽ) വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകകൾ ചുവടെ ചേർക്കുന്നു.

**(ഫിസിക്കൽ ഫിറ്റ്നസ് സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫി**

**ക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**(കാഴ്ചയെ സംബന്ധിച്ച് ഓഫ്താൽമോളജിസ്റ്റിൽ നിന്നും ഹാജരാക്കേണ്ട സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

Note :- Details regarding standards of vision should be clearly stated in the certificate, as given above and vague statements such as vision Normal etc. won't be accepted. Specification for each eye should be stated separately. Special attention should be directed to the distant vision. Required standard of vision are as follows.

8. പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 5 (a), 7 ഉം ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്ററി നമ്പർ : 561/2021
## ഡ്രൈവർ ഗ്രേഡ് II
## കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

| | |
|---|---|
| **1. സ്ഥാപനം** | : കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : ഡ്രൈവർ ഗ്രേഡ് II |
| **3. ശമ്പളം** | : ₹ 5250-8390/ |
| **4. ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിതം |

ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേക്കുള്ള തെരഞ്ഞടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

**കുറിപ്പ്:** 1. കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്നും ഈ തസ്തികയ്ക്കായി അറിയിക്കുന്ന ഒഴിവുകൾ, ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം), സൊസൈറ്റി കാറ്റഗറി (കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കായുള്ള വിഭാഗം) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. 1958ലെ കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

3. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി:** 18-50, ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**7. യോഗ്യതകൾ :** 1) അപേക്ഷകന് കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും അംഗമായിട്ടുള്ളതുമായ സൊസൈറ്റികളിൽ, ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമനതീയതിയിലും കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ മെമ്പർ സൊസൈറ്റികളിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം

3)ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ളതും ചുരുങ്ങിയത് മൂന്നു വർഷമായി പ്രാബല്യത്തിലുള്ളതുമായ ഡ്രൈവിംഗ് ലൈസൻസും ഡ്രൈവേഴ്സ് ബാഡ്ജും ഉണ്ടായിരിക്കണം. (അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും എഴുത്തു പരീക്ഷാ തീയതി, പ്രായോഗിക പരീക്ഷാ തീയതി. ഇന്റർവ്യൂ തീയതി, നിയമന തീയതി എന്നീ തീയതികളിൽ നിലവിലുള്ളതായിരിക്കണം ഡ്രൈവിംഗ് ലൈസൻസ്). 16.01.1979ന് ശേഷം നൽകിയ ഡ്രൈവിങ് ലൈസെൻസിൽ ഹെവി ഗുഡ്സിനും ഹെവി പാസ്സഞ്ചർ വാഹനങ്ങൾക്കും അംഗീകാരമുണ്ടായിരിക്കണം, ഇവയിൽ ഒരഗീകാരം മാത്രമുള്ള ലൈസൻസുകൾ നിരസിക്കപ്പെടുന്നതാണ്.

4) മെഡിക്കൽ ഫിറ്റ്നസ് : (i) ചെവി : പരിപൂർണ്ണ ശ്രവണ ശക്തി ഉണ്ടായിരിക്കണം.

(ii) കണ്ണ് : (രണ്ടു കണ്ണുകളും)

| | |
|---|---|
| ദൂരക്കാഴ്ച | : 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | : 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധാരണം |
| നിശാന്ധത | : ഇല്ലായിരിക്കണം |

iii) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളുംആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(iv) നാഡീവ്യവസ്ഥ : പൂർണ്ണമായും സാധാരണ നിലയിലുള്ളതായിരിക്കണം. പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ് (1) :** ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള T est ഉൾപ്പെടെയുള്ള പ്രായോഗിക പരീക്ഷ കമ്മീഷൻ നടത്തുന്നതാണ്. 'T' ടെസ്റ്റിൽ വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിന് പങ്കെടുപ്പിക്കുകയുള്ളു.

(2) : ഫിസിക്കൽ ഫിറ്റ്നസിനെ സംബന്ധിച്ച് അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റും കാഴ്ചയെ സംബന്ധിച്ച് സർക്കാർ സർവ്വീസിലുള്ള ഓഫ്താൽ മോളജിസ്റ്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും (നിശ്ചിത മാതൃകയിൽ) വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകകൾ ചുവടെ ചേർക്കുന്നു.

**(ഫിസിക്കൽ ഫിറ്റ്നസ് സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**(കാഴ്ചയെ സംബന്ധിച്ച് ഓഫ്താൽമോളജിസ്റ്റിൽ നിന്നും ഹാജരാക്കേണ്ട സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

8. ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

9. പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 ഉം, 7 ഉം ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## ജനറൽ റിക്രൂട്ട്മെന്റ് ജില്ലാതലം

## കാറ്ററി നമ്പർ : 562/2021
## ഹൈസ്കൂൾ ടീച്ചർ (ഹിന്ദി)
## വിദ്യാഭ്യാസം

| | | |
|---|---|---|
| **1. വകുപ്പ്** | : വിദ്യാഭ്യാസം | |
| **2. ഉദ്യോഗപ്പേര്** | : ഹൈസ്കൂൾ ടീച്ചർ (ഹിന്ദി) | |
| **3. ശമ്പളം** | : ₹ 29200-62400/ | |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ | |
| | തിരുവനന്തപുരം | 7 (ഏഴ്) |
| | കൊല്ലം | 5 (അഞ്ച്) |
| | പത്തനംതിട്ട | 3 (മൂന്ന്) |
| | എറണാകുളം | 2 (രണ്ട്) |
| | പാലക്കാട് | 7 (ഏഴ്) |
| | മലപ്പുറം | 6 (ആറ്) |
| | വയനാട് | 1 (ഒന്ന്) |
| | കണ്ണൂർ | 5 (അഞ്ച്) |
| | കോഴിക്കോട് | 3 (മൂന്ന്) |

**കുറിപ്പ് (**1) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതുംഅവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്)നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ്:** മേൽ തസ്തികയ്ക്ക് 4% ഒഴിവുകൾ ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. കാഴ്ച പരിമിതർ, ശ്രവണ വൈകല്യം, ചലന വൈകല്യം, ഓട്ടിസം തുടങ്ങിയ ഭിന്നശേഷിത്വമുള്ള ഉദ്യോഗാർത്ഥികളും മേൽപ്പറഞ്ഞ ഒന്നിൽ കൂടുതൽ ഭിന്നശേഷിത്വമുള്ള ഉദ്യോഗാർത്ഥികളും ടി തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരാണ്. (ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 25/08/2020 ലെ സ.ഉ. (അച്ചടി) നം. 19/2020/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ് കാണുക).

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി :** 18-40. ഉദ്യോഗാർത്ഥികൾ 02/01/1981നും 01/01/2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** 1) ഈ തസ്തികയ്ക്ക് അപേക്ഷ അയയ്ക്കുന്ന ഉദ്യോഗാർഥികൾക്ക് താഴെ പറഞ്ഞിട്ടുള്ളതിൽ ഏതെങ്കിലും ഒരു അക്കാദമിക്ക് യോഗ്യതയും ഒരു ട്രെയിനിങ് യോഗ്യതയും ഉണ്ടായിരിക്കണം.

അക്കാഡമിക് യോഗ്യതകൾ: കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹിന്ദി ഭാഷയിലുള്ള ബിരുദം

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഹിന്ദി) പഠനത്തിലുള്ള ടൈറ്റിൽ (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട വിഷയത്തിലെ ബിരുദത്തിന്റെ പാർട്ട് 3 നു തുല്യമായി പ്രഖ്യാപിച്ചിട്ടുള്ളപക്ഷം).

**അല്ലെങ്കിൽ**

മദ്രാസിലെ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ പ്രവീൺ പരീക്ഷയും കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയും പാസ്സായിരിക്കണം

**അല്ലെങ്കിൽ**

കേരള ഹിന്ദി പ്രചാരസഭയുടെ സാഹിത്യാചാര്യ പരീക്ഷയും കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയും പാസ്സായിരിക്കണം.

**2) ട്രെയിനിംഗ് യോഗ്യതകൾ:** കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എഡ്/ബി.റ്റി/എൽ.റ്റി.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഹിന്ദി ഭാഷയിലെ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റോ ഡിപ്ലോമയോ

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷ കമ്മീഷണർ നൽകിയ ഹിന്ദി അദ്ധ്യാപക പരിശീലനത്തിലുള്ള ഡിപ്ലോമ

**അല്ലെങ്കിൽ**

ആഗ്രയിലെ കേന്ദ്രീയ ഹിന്ദി ശിക്ഷൺ മണ്ഡൽ നടത്തുന്ന താഴെപ്പറയുന്ന ഏതെങ്കിലും ഒരു പരീക്ഷ പാസ്സായിരിക്കണം.

(1) ഹിന്ദി ശിക്ഷൺ പ്രവീൺ
(2) ഹിന്ദി ശിക്ഷൺ പാരംഗത്
(3) ഹിന്ദി ശിക്ഷൺ നിഷ്ണാത്

**അല്ലെങ്കിൽ**

കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ ടൈറ്റിൽ അല്ലെങ്കിൽ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ ശിക്ഷാ സ്നാതക് സമാനമായ പരിശീലന യോഗ്യതയായി കണക്കാക്കുന്നതാണ്.

**അല്ലെങ്കിൽ**

ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ B.Ed. സമാനമായ പരിശീലന യോഗ്യതയായി കണക്കാക്കാവുന്നതാണ് (G.O(P) No.331/90/P&ARD തീയതി 2.11.1990)

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ** : ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി യും ഏതെങ്കിലും വിഷയത്തിൽ എം.എഡ് ഉം യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016, G.O. (P) No. 15 /2020/G.Edn. തീയതി 09.10.2020).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നീന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) ബി .എഡ് ബന്ധപ്പെട്ട ഭാഷയിൽ (ഹിന്ദി) ആയിരിക്കണം.

(iii) ഹിന്ദി ഭാഷയിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കും ബി .എഡ്/ബി.റ്റി/എൽ.റ്റി ഡിഗ്രിയുള്ള പക്ഷം ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

**പ്രായപരിധി നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞ പക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനക്കാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.എസ്) നം.315/62 എഡ്യു. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975), (ജി.ഒ (എം.എസ്.) 50/70/പി.ഡി തീയതി 12.02.1970)

(iv) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) നമ്പർ 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) നമ്പർ 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്** : മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്ററി നമ്പർ : 563/2021
## ലോവർ ഡിവിഷൻ ക്ലാർക്ക് / ബിൽ കളക്ടർ
## കേരള മുനിസിപ്പൽ കോമൺ സർവ്വീസ്

**1. വകുപ്പ്** : കേരള മുനിസിപ്പൽ കോമൺ സർവ്വീസ്

**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക് / ബിൽ കളക്ടർ

**3. ശമ്പളം** : ₹ 19000–43600/ [Pre-revised]

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

1) തിരുവനന്തപുരം 03(മൂന്ന്)
2) പത്തനംതിട്ട 01 (ഒന്ന്)
3) എറണാകുളം 01 (ഒന്ന്)
4) തൃശ്ശൂർ 01 (ഒന്ന്)
5) പാലക്കാട് 01 (ഒന്ന്)
6) കോഴിക്കോട് 13 (പതിമൂന്ന്)
7) വയനാട് 01 (ഒന്ന്)
8) കണ്ണൂർ 02 (രണ്ട്)
9) കാസറഗോഡ് 01 (ഒന്ന്)

**കുറിപ്പ് :** തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഒഴിവുകളിൽ ഒരൊഴിവ് ഉത്ഭവിച്ചത് 02.11.2020തീയതിയും പാലക്കാട് ജില്ലയിൽ നിലവിലുള്ള ഒരൊഴിവ് ഉത്ഭവിച്ച തീയതി 03.11.2020 ഉം ആണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

(കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ താഴ്ന്ന ശമ്പള നിരക്കിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നു മാത്രം)

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ലോവർ ഡിവിഷൻ ക്ലാർക്ക് / ബിൽ കളക്ടർ തസ്തികയിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പ് മുഖേന നികത്തുന്നതിന് നീക്കിവച്ചിട്ടുള്ള ആകെ ഒഴിവുകളുടെ 5% (അഞ്ച് ശതമാനം) 17.03.1980 ലെ ജി.ഒ.(എം.എസ്)നം.66/80/ത.സ്വ. പ്രകാരം സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും റെഗുലർ സർവ്വീസിൽ Rs. 19000-43600/(PR) ശമ്പള നിരക്കിൽ താഴെ ജോലി നോക്കുന്ന ജീവനക്കാരിൽനിന്നും നേരിട്ടുള്ള തെരഞ്ഞെടുപ്പിനായി സംവരണം ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത വിഭാഗക്കാരിൽ നിന്നു മാത്രം അപേക്ഷ ക്ഷണിക്കുന്നു.

എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ റെഗുലർ സർവ്വീസിൽ Rs. 19000–43600/–(PR) ൽ താഴെ ശമ്പള നിരക്കുള്ള തസ്തികകളിൽ ജോലിയിലിരിക്കുന്ന ജീവനക്കാർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. ഉദ്യോഗാർത്ഥിയുടെ സർവ്വീസിനെ സംബന്ധിക്കുന്ന വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന ഫോറത്തിൽ ബന്ധപ്പെട്ട ആഫീസ് മേധാവിയിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകൾ മുഖേനയോ മറ്റു വിധത്തിലോ നിയമിക്കപ്പെട്ട താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഈ വിഭാഗത്തിൽ അപേക്ഷ അയയ്ക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

ലോവർ ഡിവിഷൻ ക്ലാർക്ക്/ ബിൽ കളക്ടർ തസ്തികയുടെ തെരഞ്ഞെടുപ്പിനായി ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട സർവീസ് സർട്ടിഫിക്കറ്റിന്റെ മാതൃക

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

ബി) ഈ വിഭാഗത്തിൽ അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത വിദ്യാഭ്യാസ യോഗ്യത (എസ്.എസ്.എൽ.സി) വേണമെന്ന നിബന്ധനയിൽനിന്നും ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്. ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് ഈ വിഭാഗത്തിൽപ്പെട്ടവർ അർഹരല്ല.

സി) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് എസ്.എസ്.എൽ.സി നിലവാരത്തിലുള്ള ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും. കമ്മീഷൻ നടത്തുന്ന മത്സര പരീക്ഷകളുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികകൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്നതാണ്. ഈ പരീക്ഷയിൽ 40% (നാൽപ്പത് ശതമാനം) ത്തിൽ കുറയാതെ മാർക്ക് നേടുന്ന ഉദ്യോഗാർത്ഥികൾ ഈ തസ്തികയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ അർഹത നേടുന്നതാണ്.

ഡി) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ മുഴുവൻ പേരേയും നിയമന ശിപാർശ ചെയ്യപ്പെടാതെ വരുന്നപക്ഷം ടി ഉദ്യോഗാർത്ഥികളെ 08.12.1989 ലെ ജി. ഒ. (പി) നം 39/89/പി ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം അടുത്ത തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉയർന്ന റാങ്കുകാരായി അതേ ക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ഇ) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991 ലെ ജി. ഒ. (പി) നം. 36/91/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി. ഒ. (പി)നം. 12/96/പി. ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളു. ഇപ്പോൾ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇതേ ഉദ്യോഗത്തിൽ ഇരിക്കുന്നവർ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ പാടുള്ളതല്ല.

## കാറ്ററി നമ്പർ : 564/2021 – 565/2021
## അസിസ്റ്റന്റ് പ്രൊഫസ്സർ (താഴെപറയുന്ന വിഷയങ്ങളിൽ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസ്സർ (താഴെപറയുന്ന വിഷയങ്ങളിൽ)

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**3. ശമ്പളം** : യു.ജി .സി സ്കെയിൽ

**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന് വീതം) താഴെ പറയുന്ന വിഷയങ്ങളിൽ

| കാറ്റഗറി നമ്പർ | വിഷയം | ഒഴിവുകൾ |
|---|---|---|
| 564/2021 | അനാട്ടമി | 1 |
| 565/2021 | പാത്തോളജി | 1 |

**കുറിപ്പ്:**1. ഈ ഉദ്യോഗത്തിനു നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനമുൾപ്പെടെ) നാല്(4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവന വ്യവസ്ഥ നാൽപ്പത്തിയഞ്ച് വയസ്സ് തികഞ്ഞവർക്കും ഭിന്നേശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 21–50 ഉദ്യോഗാർത്ഥികൾ 02/01/1971നും 01/01/2000നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**7 യോഗ്യതകൾ:** 1) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ (അതായത് അനാട്ടമി /പാത്തോളജിയിൽ) നേടിയിട്ടുള്ള ബിരുദാനന്തര മെഡിക്കൽ ബിരുദം (എം.ഡി/എം .എസ് )അല്ലെങ്കിൽ ഡി.എൻ.ബി.

2) മൂന്ന് വർഷത്തെ അധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റു അധ്യാപന പരിചയമോ നേടിയിരിക്കണം.

3) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ )സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദശാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതിരിക്കുന്നവർക്ക് വേണ്ടിയുള്ളത്) uploadചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ്, പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവർക്കുള്ള സത്യവാങ്മൂലം എന്നിവയുടെ മാതൃക യ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അധ്യാപന പരിചയമായി കണക്കാക്കപെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാത്ത ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പാളിൽ നിന്നും അധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്കു ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്

ഡി.എൻ .ബി യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

ഏതെങ്കിലും മെഡിക്കൽ കൗൺസിലിൽ നിന്നും നേടിയ താത്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

8. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**9.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്ററി നമ്പർ : 566/2021
## തഹസിൽദാർ/ സീനിയർ സൂപ്രണ്ട് (സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികജാതി /പട്ടികവർഗ്ഗം & പട്ടികവർഗ്ഗക്കാരിൽ നിന്ന് മാത്രം)
## ലാൻഡ് റവന്യൂ

**1. വകുപ്പ്** : ലാൻഡ് റവന്യൂ

**2. ഉദ്യോഗപ്പേര്** : തഹസിൽദാർ/ സീനിയർ സൂപ്രണ്ട് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി /പട്ടികവർഗ്ഗം & പട്ടികവർഗ്ഗക്കാരിൽ നിന്ന് മാത്രം) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**3. ശമ്പളം** : ₹ 51400–110300

**4. ഒഴിവുകളുടെ എണ്ണം** : പട്ടികവർഗ്ഗം 03 (മൂന്ന് )
പട്ടികജാതി/പട്ടികവർഗ്ഗം 03(മൂന്ന് )

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം & പട്ടികവർഗ്ഗക്കാരിൽ നിന്ന് മാത്രം)

**കുറിപ്പ്:** പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 18 – 41 ഉദ്യോഗാർത്ഥികൾ 02/01/1980നും 01/01/2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:**നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50വയസുവരെ ഇളവ് അനുവദിക്കാവുന്നതാണ് .എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ** : യു.ജി.സി. അംഗീകൃത സർവകലാശാല / ഇന്ത്യാ ഗവണ്മെന്റ് / കേരള ഗവണ്മെന്റ് സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽ ഏതിലെങ്കിലും നിന്നും നേടിയ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം

**8. പരിശീലനം** : തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പായി 8 ആഴ്ച നീളുന്ന (6 ആഴ്ച പോലീസ് വകുപ്പിൽ നിന്നും 2 ആഴ്ച ജുഡീഷ്യൽ വകുപ്പിൽ നിന്നും) മജിസ്റ്റീരിയൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയിരിക്കേണ്ടതാണ്.

**9.** പ്രൊബേഷൻ കാലാവധിക്കുള്ളിൽ വിജയിക്കേണ്ട പരീക്ഷകൾ: ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും അവരുടെ പ്രൊബേഷൻ കാലാവധിക്കുള്ളിൽ ചുവടെ പറയുന്ന പരീക്ഷകൾ പാസ്സായിരിക്കേണ്ടതാണ്.

1) ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് (നിയമബിരുദം നേടിയവരെ ഈ ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്)
2) അക്കൗണ്ട് ടെസ്റ്റ് (ലോവർ )
3) റവന്യൂ ടെസ്റ്റ്
4) സർവ്വേ ടെസ്റ്റ് (ഹയർ)(ചെയിൻ സർവ്വേ പ്രാക്ടിക്കൽ ടെസ്റ്റ്)

**10.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**11.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/പി.ഡി., 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/പി.ഡി., 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും,നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്ററി നമ്പർ : 567/2021
## നോൺ വൊക്കേഷണൽ ടീച്ചർ ഇൻ ഇംഗ്ലീഷ് (ജൂനിയർ) സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## കേരള വൊക്കേഷണൽ ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**1. വകുപ്പ്** : കേരള വൊക്കേഷണൽ ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**2. ഉദ്യോഗപ്പേര്** : നോൺ വൊക്കേഷണൽ ടീച്ചർ ഇൻ ഇംഗ്ലീഷ് (ജൂനിയർ ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**3. ശമ്പളം** : ₹ 32300–68700/(PR)

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 23–45 (ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** I. കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 45% മാർക്കിൽ കുറയാതെ ഇംഗ്ലീഷിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത

2. II. 1. കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഒരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച യോഗ്യത.

2. ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ റഗുലർ പഠനത്തിലൂടെ നേടിയ ബി.എഡ്. (കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയുടെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും നിർദ്ദേശിച്ചിട്ടുള്ള പ്രകാരമായിരിക്കണം).

3. മുകളിൽ ഇനം 1 ഉം 2 ഉം സൂചിപ്പിച്ചിട്ടുള്ള ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂ

ടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ തത്തുല്യമായി കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച യോഗ്യത

4. മേൽപ്പറഞ്ഞ ബി.എഡ്. യോഗ്യതയുള്ളവരുടെ അഭാവത്തിൽ 45% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. / എം.ഫിൽ. / ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്/നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) എന്നീ യോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം നേടിയിരിക്കണം.

5. കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള റഗുലർ പഠനത്തിലൂടെ എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യത നേടിയിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

III. കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്കായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**പ്രത്യേക ഇളവുകൾ :** 1. കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2. HSST തസ്തിക നിയമനത്തിനായി കേരള സർക്കാർ നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിട്ടുള്ളവരെ നോൺ വൊക്കേഷണൽ അധ്യാപക തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് .

3. നാഷണൽ എലിജിബിലിറ്റി ടെസ്റ്റോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4. പി.എച്ച്.ഡി./എം.എഡ്/എം.ഫിൽ. എന്നീ യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ എം.ഫിൽ. കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയതോ അല്ലെങ്കിൽ തത്തുല്യമായി കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ചതോ ആയിരിക്കണം.

നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും പി.എച്ച്.ഡി തീസിസ് സമർപ്പിച്ചവരെയും / എം ഫിൽ പാസ്സായവരെയും കാലാകാലങ്ങളിൽ യു. ജി. സി എത്ര കാലം ഒഴിവാക്കുന്നുവോ അത്രയും കാലയളവിലേയ്ക്ക് SET പാസായിരിക്കണമെന്ന എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

**വിശദീകരണം:** നോൺ വൊക്കേഷണൽ അധ്യാപകർ (ജൂനിയർ) എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ബന്ധപ്പെട്ട വിഷയത്തിൽ ആഴ്ചയിൽ 15 പീരിയഡിൽ താഴെ അധ്യയനം ചെയ്യേണ്ട തസ്തിക എന്നാണ്.

8. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് ജില്ലാതലം

## കാറ്ററി നമ്പർ : 568/2021

## ഫാർമസിസ്റ്റ് ഗ്രേഡ് II (പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക നിയമനം)

### ആരോഗ്യം

**1. വകുപ്പ്** : ആരോഗ്യം

**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക നിയമനം)

**3. ശമ്പളം** : ₹ 35,600–75,400/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

പാലക്കാട് : 1 (പട്ടികജാതി / പട്ടികവർഗ്ഗം)

**കുറിപ്പ് :** (i) ഈ വിജ്ഞാപന പ്രകാരം പാലക്കാട് ജില്ലയ്ക്കായി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

(ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ G.O (M.S) 154/71/PDലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ G.O (M.S) 4/61/PD-യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്. വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 25.05.1971ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡിയിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി / പട്ടികവർഗ്ഗക്കാരിൽ നിന്നുള്ള പ്രത്യേക നിയമനം)

**കുറിപ്പ്:** പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 18–41. ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ :**

(i) പ്രീ ഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ.

(ii) ഫാർമസി ഡിപ്ലോമ (ഡി.ഫാം).

(iii) കേരള സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ.

**8.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

9. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13/04/1972ലെ ജി.ഒ.(എം.എസ്) നമ്പർ 142/72/പി.ഡി., 29/11/1973ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/പി.ഡി., 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്ററി നമ്പർ : 569/2021

## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

### വിവിധം

**1. വകുപ്പ്** : വിവിധം

**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**3. ശമ്പളം** : ₹ 19000–43600/ (PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

പാലക്കാട് 1 (ഒന്ന്) പട്ടികജാതി/പട്ടികവർഗ്ഗം)

(i) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(ii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27/05/1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 154/71/പി.ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ് :** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 18 – 41 ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :**

1) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യയോഗ്യത

3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ.) കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും.

**കുറിപ്പ് :** 2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**കുറിപ്പ് :** (a) കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ സൊസൈറ്റികളോ യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ. കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്. നോട്ട് (g) കൂടി കാണുക.

(b) ഗവൺമെന്റ് സർവീസിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് മതിയായ സേവനം പൂർത്തിയാക്കിയിട്ടുള്ള വിമുക്തഭടന്മാർക്ക് മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ യോഗ്യത വേണമെന്ന് നിർബന്ധമില്ല. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് പ്രസ്തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്.

(c) താഴെ വിശദമാക്കിയിട്ടുള്ള തരത്തിൽ പ്രതിരോധ സേനയിൽ ക്ലാർക്ക്/റൈട്ടർ ആയി 15 (പതിനഞ്ച്) വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റ് സർവീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യത നേടിയിരിക്കണം.

(d) ക്ലാസ് I വിഭാഗത്തിൽ, കരസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി), ക്ലാർക്ക് (സ്റ്റാഫ് ഡ്യൂട്ടി), പേഴ്സണൽ അസിസ്റ്റന്റ്, നാവിക സേനയിൽ റൈട്ടർ, വ്യോമസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികകളിലോ പ്രതിരോധ സേനയിൽ ക്ലാർക്ക് ആയി പതിനഞ്ച് വർഷത്തിൽ കുറയാതെയോ സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടന്മാർക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. (18/05/1977ലെ ജി.ഒ.(പി) 143/77/ജി.എ.ഡി., 06/01/1979ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി., 30/04/1986ലെ ജി.ഒ.(പി) നമ്പർ 143/86/ജി.എ.ഡി.) നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ് റൈറ്റിംഗ് (ലോവർ) യോഗ്യത നേടിയിരിക്കണം. എന്നാൽ 15 വർഷത്തെ സൈനികസേവന കാലയളവ് യോഗ്യതയ്ക്ക് പകരമായി കണക്കാക്കുന്ന പക്ഷം പ്രസ്തുത കാലയളവിന് വെയിറ്റേജ് നൽകുന്നതല്ല.

(e) പ്രതിരോധസേനയിൽ ക്ലാർക്ക് സ്റ്റോർ കൺട്രോൾ (എ.ഒ.സി) ആയി 15 വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടന്മാരും ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരാണ്.

(f) 11/05/1977ലെ ജി.ഒ.(പി) നമ്പർ 139/77/ജി.എ.ഡിലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.

(g) ടൈപ്പ്റൈറ്റിംഗ് പരീക്ഷ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

8. പൊതുവ്യവസ്ഥകളിലെ രണ്ടും മൂന്നും ഇരുപത്തിയഞ്ചും (25ലെ റൂൾ 3 (c) സംബന്ധിക്കുന്ന രണ്ടാമത്തെ ഭാഗം ഒഴികെ) ഖണ്ഡികകളിലെ വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

9. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/പി.ഡി., 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/പി.ഡി, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 570/2021

## എൻ.സി.സി./സൈനികക്ഷേമം

## ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്വൽ റിക്രൂട്ട്മെന്റ് വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**1. വകുപ്പ്** : എൻ.സി.സി./സൈനികക്ഷേമം

**2. ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**3. ശമ്പളം** : ₹ 16,500–35,700/(PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ (വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

പത്തനംതിട്ട 01


**കുറിപ്പ് :** (i) 04.06.2016 തീയതിയിലെ G.O (P) No. 12/2016/P &ARD സർക്കാർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയതിന്റെ അടി



# കലയും സാഹിത്യവും-46

ഷിബു എ എസ്

# ക്രോണിക്കിൾസ് ഫ്രം ദ ലാന്റ് ഓഫ് ദ ഹാപ്പിയസ്റ്റ് പീപ്പിൾ ഓൺ എർത്ത്




1. നാൽപത്തിയെട്ടുവർഷങ്ങൾക്കുശേഷം നൊബേൽ പുരസ്കാര ജേതാവ് വോൾ സോയിങ്ക എഴുതിയ നോവൽ
**ക്രോണിക്കിൾസ് ഫ്രം ദ ലാന്റ് ഓഫ് ദ ഹാപ്പിയസ്റ്റ് പീപ്പിൾ ഓൺ എർത്ത്** (Chronicles from the Land of the Happiest People on Earth)
2. 1875ൽ പ്രസിദ്ധീകരിച്ച 'അപക്വയുവാവ്' (A Raw Youth) എന്ന നോവൽ രചിച്ച റഷ്യൻ നോവലിസ്റ്റ്
**ഫ്യോദോർ ദസ്തയെവസ്കി**
3. പ്രശസ്ത ഹിന്ദി ചലച്ചിത്രഗായകൻ മുകേഷിന്റെ യഥാർത്ഥപേര്?
**എം. സരോവർ ചന്ദ് മാഥുർ**
4. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'വലിയ ലോകവും ചെറിയ മനുഷ്യരും' എന്ന കാർട്ടൂൺ വരച്ചിരുന്ന പ്രശസ്ത മലയാള സംവിധായകൻ
**ജി. അരവിന്ദൻ**
5. ഇന്ത്യയിലെ ആദ്യത്തെ സംഗീത സർവകലാശാല
**ഇന്ദിര കലാ സംഗീത വിശ്വവിദ്യാലയം**
6. സാൽവദോർ ഡാലിയുടെ 'പെഴ്സിസ്റ്റൻസ് ഓഫ് മെമ്മറി' എന്ന പെയിന്റിങ്ങ് അറിയപ്പെട്ടത് മറ്റൊരു പേരിൽ കൂടിയാണ്. ഏതാണ് ആ പേര്?
**ദ ലിംപ് വാച്ചസ്**
7. പണ്ഡ്വാനി നാടോടി സംഗീതരൂപം ഏത് സംസ്ഥാനത്താണ് പ്രചാരത്തിലുള്ളത്?
**ഛത്തീസ്ഗഡ്**
8. 2019 നുശേഷം സംഗീത കലാനിധി പുരസ്കാരം വിതരണം ചെയ്തിട്ടില്ല. 2019ൽ ലഭിച്ചതാർക്ക്?
**കർണാടക സംഗീതജ്ഞ സൗമ്യ ശ്രീനിവാസൻ**
9. കേരള ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിശാഗന്ധി പുരസ്കാരം ആദ്യമായി ലഭിച്ചത് ആർക്ക്?
**മൃണാലിനി സാരാഭായി**




10. തുളസിദാസ്, കബീർദാസ്, മീരാഭായി എന്നിവരുടെ ഭക്തിഗാനങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെട്ടുവന്ന ആസാമിലെ നൃത്ത സംഗീത രൂപം
**സാത്രിയ**
11. തകഴിയുടെ ഏതുനോവലാണ് ആദ്യമായി ചലച്ചിത്രരൂപം പ്രാപിച്ചത്?
**രണ്ടിടങ്ങഴി**
12. മലയാളം, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലെ ഒന്നേകാൽ ലക്ഷത്തിലധികം പദങ്ങളെ വിശകലനം ചെയ്തുകൊണ്ടുള്ള മലയാളത്തിലെ ആദ്യ നിഘണ്ടുവായ ചതുർ ദ്രാവിഡഭാഷാ നിഘണ്ടു തയ്യാറാക്കിയത്
**ഞാറ്റ്യേല ശ്രീധരൻ**





13. 'കാണുക വിശ്വസിക്കലാണ്' എന്ന ചലച്ചിത്രഗ്രന്ഥം രചിച്ച ഇന്ത്യയിലെ ആദ്യത്തെ ചലച്ചിത്രചിന്തകൻ
**ചിദാനന്ദദാസ് ഗുപ്ത**



14. 'ബെഞ്ച് ഓഫ് ഓൾഡ് ലെറ്റേഴ്സ്' എഴുതിയത്
**ജവഹർലാൽ നെഹ്റു**
15. 1948 ൽ ബോംബെ പ്രോഗ്രസീവ് ആർട്ടിസ്റ്റ്സ് ഗ്രൂപ്പ് സ്ഥാപിച്ചത്
**ഫ്രാൻസിസ് ന്യൂട്ടൺ സൂസ**
16. മഹാകവി ജി.ശങ്കരക്കുറുപ്പ് ആദ്യമായി ഗാനരചന നടത്തിയത് ഏത് ചലച്ചിത്രത്തിന് വേണ്ടിയാണ്?
**നിർമ്മല** (1948)
17. ആരുടെ ആത്മകഥയാണ് 'എതിർപ്പ്'?
**പി.കേശവദേവ്**
18. ഇന്ത്യയിലെ പ്രശസ്തമായ സാഹിത്യകാരന്മാരിൽ ഒരാളാണ് ദൻപാത് റായി ശ്രീവാസ്തവ്. എന്താണ് അദ്ദേഹത്തിന്റെ തൂലികാനാമം?
**പ്രേംചന്ദ്**



19. 1991 ൽ ഏർപ്പെടുത്തിയ വള്ളത്തോൾ പുരസ്കാരം ആദ്യമായി നേടിയത്
**പാലാ നാരായണൻ നായർ**
20. Atomic State: Big Science in Twentieth Century India എന്ന പുസ്തകം രചിച്ച ബാംഗ്ലൂർ സയൻസ് ഗ്യാലറിയുടെ സ്ഥാപക ഡയറക്ടറായ ഇന്ത്യൻ ശാസ്ത്രചരിത്രകാരി
**ജാഹ്നവി ഫാൽക്കെ**
21. കർണ്ണനെ മുഖ്യകഥാപാത്രമാക്കി 'എന്റെ കർണ്ണൻ' എന്ന നോവൽ എഴുതിയതാര്?
**വി.ടി. നന്ദകുമാർ**
22. ജി.അരവിന്ദൻ സംവിധാനം ചെയ്ത വാസ്തുഹാര എന്ന ചലച്ചിത്രത്തിന്റെ കഥാകൃത്ത് ആര്?
**സി.വി.ശ്രീരാമൻ**
23. പ്രസിദ്ധീകരണത്തിന്റെ 150 വർഷത്തിനുശേഷം 1992 ൽ അടച്ചുപൂട്ടിയ ബ്രിട്ടീഷ് ഹാസ്യമാസിക ഏത്?
**പഞ്ച്**
24. വിഖ്യാത വയലിനിസ്റ്റ് യെഹൂദി മെനുഹിൻ ഒരു ഇന്ത്യൻ സംഗീതപ്രതിഭയുടെ ആത്മകഥയ്ക്ക് ആമുഖം എഴുതിയിട്ടുണ്ട്. ആരാണ് സംഗീതപ്രതിഭ? ഏതാണ് ആത്മകഥ?
**പണ്ഡിറ്റ് രവിശങ്കർ, മൈ മ്യൂസിക്, മൈ ലൈഫ്**




25. ചൗ എന്ന മുഖം മൂടിനൃത്തം ഇന്ത്യയിലെ ഏത് സംസ്ഥാനങ്ങളിലാണ് പ്രചാരത്തിലുള്ളത്?
**ബംഗാൾ, ബീഹാർ**
26. സ്പെയിനിന്റെ ദേശീയ നൃത്തം ഏത്?
**ബോലെറോ**
27. ദാദായിസം എന്ന കലാപ്രസ്ഥാനത്തിന്റെ അമരക്കാരനായ റൊമാനിയൻ കവി



**ട്രിസ്റ്റൻ സാര**
28. 46 -ാം അമേരിക്കൻ പ്രസിഡന്റാകുന്ന ജോസഫ് ആർ. ബൈഡൻ ജൂനിയറിന്റെ ജീവചരിത്രം വിവരിക്കുന്ന 'ജോ ബൈഡൻ: അമേരിക്കൻ ഡ്രീമർ' എന്ന പുസ്തകം രചിച്ചത്
**ഇവാൻ ഒസ്നോസ്**
29. ''ഞാൻ ചിന്തിക്കുന്നു; അതിനാൽ ഞാനുണ്ട്'' എന്ന പ്രസിദ്ധമായ വചനം ഏത് ചിന്തകന്റേതാണ്?



**റെനെ ദെക്കാർത്ത്**
30. സിനിമയിൽ ആദ്യമായി സംസാരിച്ച നടൻ
**അൽ ജോൺസൺ** (യു.എസ്.)

# ജീവിതം, ഭാഷ, വ്യാകരണം

# വചന വിചാരം

16

**മലയാള ഭാഷയെയും വ്യാകരണത്തെയും പരിചയപ്പെടുത്തിക്കൊണ്ട് മുൻ അധ്യാപകൻ ഡോ. ബി ബാലചന്ദ്രൻ എഴുതുന്ന പരമ്പര**

"സിവിൽ സർവീസിനുള്ള ഇന്റർവ്യൂവിൽ ഞാൻ ഇരുന്നപ്പോൾ ആദ്യത്തെ ചോദ്യം തന്നെ എന്റെ ജാതിയെപ്പറ്റിയായിരുന്നു. അത് ഞാൻ പ്രതീക്ഷിച്ചതുമായിരുന്നു. വിയർത്ത കൈപ്പത്തികളെ മേശപ്പുറത്ത് പരന്നിരുന്ന കണ്ണാടിയിൽ ഉരസിക്കൊണ്ട്, ഹൃദയമിടിപ്പു കേട്ടുകൊണ്ട്, ഞാൻ കാത്തിരുന്നു. എസിയുടെ 'ർർ' ശബ്ദം. കടലാസുകൾ മറിയുന്ന ശബ്ദം. കടലാസുകൾ മറിയുന്നതുപോലെ അധികാരത്തെ ഓർമിപ്പിക്കുന്ന മറ്റൊരു ശബ്ദമില്ല".



***(നൂറു സിംഹാസനങ്ങൾ, ജയമോഹൻ)***

തമിഴ് എഴുത്തുകാരനായ ജയമോഹൻ മലയാളത്തിലെഴുതിയ നോവലാണ്. നായാടിയായ ഒരു ഐഎഎസ് ഓഫീസർ പറഞ്ഞ ജീവിതത്തിന്റെ കഥാവിഷ്കാരം!

ഈ ഭാഗത്തുള്ള ഞാൻ, എന്റെ, കടലാസുകൾ, കണ്ണാടി – എന്നീ വചനങ്ങൾ കഥയെ വല്ലാതെ ക്രിയാത്മകമാക്കിയിരിക്കുന്നു.

ഞാൻ എന്ന 'ഏകവചനം' ഒറ്റപ്പെട്ട മനുഷ്യന്റെ വിങ്ങലായി തുടിക്കുന്നു.

കടലാസുകൾ എന്ന ബഹുവചനം അധികാരത്തിന്റെ അശ്ലീലത്തിലേക്ക് ചൂണ്ടുകയാണ്.

ഒന്നിനെ കുറിക്കുന്നതാണ് ഏകവചനം.

ഒന്നോ അതിൽ കൂടുതലോ ഉള്ളതിനെ സൂചിപ്പിക്കുന്നതാണ് ബഹുവചനം.

കണ്ണാടി – ഏകവചനം –

കടലാസുകൾ – ബഹുവചനം.

ഏകവചനത്തിൽ പ്രത്യയം ചേർത്ത് ബഹുവചനരൂപമുണ്ടാക്കുന്നു.

ഉദാ: മാന്തളിർ – മാന്തളിരുകൾ എണ്ണാനാകുന്ന വസ്തുക്കൾക്കേ ബഹുവചന രൂപമുള്ളൂ. ഗുണത്തെ പറയുന്ന നാമങ്ങൾ എണ്ണലിനു വഴങ്ങുന്നതല്ല.

ബഹുവചനത്തിനു രൂപഭേദങ്ങളുണ്ട്. "ബുക്കിന്റെ ഏറ്റവും അവസാന താളുകളിൽ മൂന്ന് ചിത്രങ്ങൾ ഉണ്ടായിരുന്നു. കൈത്തഴക്കം വന്ന ഒരു ചിത്രകാരന്റെ തികവ് തെളിഞ്ഞു കാണാവുന്ന മൂന്ന് ചിത്രങ്ങൾ. ഒന്നാം താളിൽ ഒരു വീടിന്റെ തട്ടിൻപുറത്തു വന്നിരുന്ന് താഴേക്കു നോക്കി പുഞ്ചിരിക്കുന്ന മനോഹരികളായ മൂന്ന് മാലാഖക്കുഞ്ഞുങ്ങൾ. അതിൽ നടുവിലത്തെ മാലാഖ കറുത്തവൾ ആയിരുന്നു. 'അഴക് അത്താഴത്തിനു വന്നാൽ' എന്നൊരടിക്കുറിപ്പും അതിനുണ്ട്. അതിനടുത്ത താളിൽ പാടത്തിന് ഇരുവശത്തും നിൽക്കുന്ന രണ്ട് ചാമ്പമരങ്ങൾ. അതിൽ ഒന്നിൽ നിറയെ കറുത്ത ചാമ്പയ്ക്ക. അതിനൊരു നീണ്ട അടിക്കുറിപ്പ്: ഇക്കരെ നിൽക്കുന്ന ചാമ്പമരം രാത്രി ആരും കാണാതെ അക്കരെയ്ക്ക് നടക്കും. കായ്ച്ചു കിടക്കുന്ന അപ്പുറത്തെ ചാമ്പയെ കൺനിറയെ കണ്ടിട്ട് നേരം വെളുക്കാറാവുമ്പോഴേക്കും തിരിച്ചുവന്ന് സ്വസ്ഥാനത്ത്



നിൽക്കും. എത്രകണ്ടാലും ഈ ചാമ്പയ്ക്കക്കെന്താണ് മടുക്കാത്തത്. കറുത്ത ചാമ്പയ്ക്കയ്ക്ക് അത്ര സൗന്ദര്യമുണ്ടോ?

***(മാന്തളിരിലെ 20 കമ്മ്യൂണിസ്റ്റ് വർഷങ്ങൾ – ബെന്യാമിൻ)***

താളുകൾ
ചിത്രങ്ങൾ
ചാമ്പമരങ്ങൾ
} മാലാഖ കുഞ്ഞുങ്ങൾ
↓

സലിംഗബഹുവചനം (പുല്ലിംഗം സ്ത്രീലിംഗം, നപുംസകലിംഗം) } അലിംഗ ബഹുവചനം (ഉഭയലിംഗം )

ലിംഗവ്യത്യാസം കൂടി സൂചിപ്പിക്കുന്ന ബഹുവചനമാണ് സലിംഗബഹുവചനം. പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം – ഈ വിഭാഗങ്ങളിൽ വരുന്ന ബഹുവചന രൂപങ്ങളെല്ലാം സലിംഗബഹുവചനത്തിൽപ്പെടുന്നു. ലിംഗവ്യത്യാസം കൂടാതെയുള്ള ബഹുവചനരൂപമാണ് അലിംഗ ബഹുവചനം.

ഉഭയലിംഗം, അലിംഗം എന്നീ വിഭാഗങ്ങളിലെ ബഹുവചന രൂപങ്ങളിൽ ഭൂരിപക്ഷവും അലിംഗ ബഹുവചനത്തിൽപ്പെടുന്നു.

"അറുപതുകളിൽ തട്ടാർസമുദായത്തിലെ യൗവനങ്ങൾ തങ്ങളുടെ തൊഴിലിടങ്ങൾ മാറ്റിപ്പണിയാനാരംഭിച്ചു. അവർ കല്ലാശാരിമാരും കൃഷിപ്പണിക്കാരും മന്ത്രവാദികളുമായി. മോട്ടോർ മെക്കാനിക്കിന്റെ പണിയെടുത്തു. പുതിയതരത്തിൽപ്പെടുന്ന പണിയായുധങ്ങൾ ഉപയോഗിച്ചു. അപൂർവം ചിലർ മുത്താരമ്മയുടെ പൂജാരികളായി. അഷ്ടിക്ക് വക തേടി വാച്ചു നന്നാക്കാനും വളക്കച്ചവടത്തിനും പോയി. മണ്ണിലെ പണിയും തെങ്ങുകയറ്റവുമായി ചുറ്റുവട്ടങ്ങളിൽ ചുറ്റിത്തിരിഞ്ഞവർ മുതൽ അന്നം തേടി തമിഴ്നാട്ടിലെ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ ജോലിക്ക് കയറിയവർ വരെ നിരവധി പേരുണ്ടായിരുന്നു. മൈസൂരിലേക്ക് നാടുവിട്ടുപോയ പേച്ചിയാത്തയുടെ സഹോദരൻ തിരിച്ചു വന്നതേയില്ല".



***(നോവൽ : തട്ടാൻവിള പി കെ സുധി)***

ഒരു നാടിന്റെ സൂക്ഷ്മ രാഷ്ട്രീയം പറയുന്ന നോവലാണ്.

മുകളിലെ ഭാഗത്തെ 'തട്ടാർ' – എന്ന വാക്ക് ശ്രദ്ധിക്കുക. ബഹുമാനം കാണിക്കാൻ വേണ്ടിയാണ് ഏകവചനത്തിലെ ഈ വാക്ക് ബഹുവചനമായി പ്രയോഗിച്ചിരിക്കുന്നത്. ഇതാണ് പൂജകബഹുവചനം.

(ഉദാ: ദ്രോണാചാര്യർ, വിദുരർ, അവർകൾ)

ബഹുവചനത്തിന് അ, അർ, മാർ, കൾ എന്നീ പ്രത്യയങ്ങളാണ് ചേർത്തുവരുന്നത്.

(ഉദാ: ഇവ, ഇവർ, കാമുകിമാർ, ഇവകൾ)

ലിംഗ വ്യത്യാസത്തിനനുസരിച്ച് പ്രത്യേകം പ്രത്യയങ്ങളൊന്നുമില്ല.

ചില നാമ രൂപങ്ങൾക്ക് ഒന്നിൽ കൂടുതൽ പ്രത്യയങ്ങൾ ചേർക്കാറുണ്ട്.

(ഉദാ: അവർകൾ – അ+അർ+കൾ)

"തട്ടാർ, നാടാർ, ഈഴവ, നായർ തുടങ്ങിയ ജനങ്ങൾക്ക് ഇക്കാലത്തുണ്ടായ സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്കാരിക പുരോഗതി കൃത്യമായി കണക്കിലെടുക്കണം".

"പുതുജാതികൾ – അതായത് സർക്കാരുദ്യോഗസ്ഥന്മാർ, റബ്ബർ വെട്ടുകാർ, കയറ്റിറക്ക് തൊഴിലാളികൾ, പെയിന്റർമാർ, കൊത്തന്മാർ എന്നിങ്ങനെ പരമ്പരാഗത തൊഴിൽ വിട്ടുള്ള പണികൾ – എങ്ങനെയാണ് നമ്മുടെ നാട്ടിലെ സാമൂഹ്യാവസ്ഥയെ മാറ്റിമറിച്ചത് എന്ന വസ്തുതയ്ക്ക് അപഗ്രഥന വേളയിൽ ഊന്നൽ കൊടുക്കണം".

***(തട്ടാൻവിള – പി കെ സുധി)***

വചന രൂപങ്ങൾ സജീവമായി ഇടപെട്ടിരിക്കുന്ന ഈ ഭാഗം വായിച്ച് വചനങ്ങളെ തിരിച്ചറിയാൻ ശ്രമിക്കുമല്ലോ.

## ചോദ്യം

**ചോദ്യം**

ഏകവചന രൂപമേത് ?

(എ) ഭീഷ്മർ (ബി) നിങ്ങൾ
(സി) നീ (ഡി) താങ്കൾ

**ഉത്തരം : (സി)**

(ഭീഷ്മർ, നിങ്ങൾ, താങ്കൾ – പൂജക ബഹുവചനമാണ്)

ബഹുവചന രൂപമേത്?

(എ) സാധുക്കൾ (ബി) ഗുരു
(സി) മകൻ (ഡി) ആൺകുട്ടി

**ഉത്തരം : (എ)**

സലിംഗബഹുവചനമേത്?

(എ) അധ്യാപകർ (ബി) കുട്ടികൾ
(സി ജനങ്ങൾ (ഡി) പുഴുക്കൾ

**ഉത്തരം : (ഡി)**

## ചുരുക്കം

ഏകവചനം – ഒന്നിനെ സൂചിപ്പിക്കുന്നു (നിർദേശിക വിഭക്തി രൂപം)

ഉദാ : ബെന്യാമിൻ, മീര, വള്ളി

ബഹുവചനം – ഒന്നിലധികത്തെ കുറിക്കുന്നു

ഉദാ: കുട്ടികൾ, മഹിളമാർ, വേലക്കാർ

സലിംഗബഹുവചനം – സ്ത്രീ പുരുഷ നപുംസകങ്ങളിൽ ഒന്നിന്റെ, ഒന്നിൽ കൂടുതൽ എണ്ണത്തെ സൂചിപ്പിക്കുന്നു.

ഉദാ : പെണ്ണുങ്ങൾ, തന്തമാർ, പൂക്കൾ

അലിംഗ ബഹുവചനം : സ്ത്രീപുരുഷന്മാരുൾക്കൊള്ളുന്ന ബഹുവചനം.

ഉദാ: ചെറുപ്പക്കാർ – ചെറുപ്പക്കാരൻ, ചെറുപ്പക്കാരി

പ്രത്യയം : ആർ, കൾ

മുതുക്കർ – മുതുക്കൻ, മുതുക്കി

പൂജക ബഹുവചനം : ബഹുമാനത്തെ കുറിക്കുന്ന ബഹുവചനരൂപം.

പ്രത്യയം : അർ, ആർ, കൾ

(മഹത്വത്തിനോ ബഹുമാനത്തിനോ ആണ് പ്രാധാന്യം; എണ്ണത്തിനല്ല)

ഉദാ: മാരാർ – മാരാൻ
ഭാഗവതർ
നോം

# ENRICH YOUR GK

**ANISH P K**

1. India on August 24, 2021 gave a name to its operation to evacuate its citizens from war-torn Afghanistan. Which among the following was the name of the operation?
(a) Operation Shakti (b) Operation Afgan



(c) Operation Devi Shakti
(d) Operation Red Dawn

2. In which sport did India win maximum number of medals in Tokyo Paralympics 2020?
(a) Shooting (b) Archery
(c) Tennis (d) Track & field events

3. Economic emergency has been declared on August 31, 2021 in which of the following countries?
(a) Afghanistan (b) Pakistan
(c) Bangladesh (d) Srilanka

4. Which of the following statements about central Bureau of Investigation (CBI) is/are true?
(i) CBI is the foremost investigating police agency in India
(ii) CBI is the representing agency for the Interpol in India
(iii) The motto of CBI is Industry, Impartiality and Integrity
(a) i and ii (b) ii and iii
(c) i and iii (d) i, ii and iii

5. Which of the following pairs is not correctly matched
(i) Land of Thousand Lakes - Finland
(ii) Britain of the East - Japan
(iii) Uncle Sam - USA
(iv) City of Seven Hills - Rome
(a) i only (b) ii only
(c) i, ii and iii (d) All are Correct

6. International Mothers Day is observed on _____ every year to honour Mothers and Motherlybonds within the family
(a) 3rd Sunday of every June
(b) 2nd Sunday of every May
(c) 2nd Saturday of every May
(d) 2nd Sunday of every July

7. The first Chairman of University Grants Commission was
(a) Dr. Shantiswaroop Bhatnagar



(b) Dr. S.Radhakrishnan
(c) Dr. Abul Kalam Azad
(d) W.W.Hunter

8. Which of the following statements with regard to cloud burst is/are correct?
(i) It is defined as sudden localized very heavy downpour with cloud thunder and lightning
(ii) It mostly occurs in hilly areas
(iii) It results into very high intensity of rainfall, ie 250 mm-300mm
(a) i and ii (b) ii and iii
(c) i and iii (d) i, ii and iii

9. The Central American Country which became the first nation to adopt Bitcoin as a national currency recently
(a) El Salvador (b) Panama
(c) Nicaragua (d) Costa Rica

10. Identify the personality from the following data
(1) He has been serving as the Prime Minister of Canada since November 2015.
(2) He became the second youngest PM in Canadian History after Joe clark
(3) He won the third term as the PM of Canada on September 20, 2021 by winning the Canadian Federal election.
(a) Aziz Akanouch (b) Justin Trudeau
(c) Hakainde Hichilema
(d) Jair Bolsonaro

11. Which of the following countries has adopted 'Three children per couple' policy on August 2021 to prevent a steep decline of birth rates?
(a) Japan (b) Sweden
(c) China (d) Finland

12. The Covid-19 vaccine developed by Zydus Cadila group that can be administered without a needle to adults as well as those of 12 years of age and above.




(a) Zycovaxin (b) Zy Cov-Shield
(c) Zycov-D (d) Moderna-D

13. Which of the following pairs is not correctly matched in connection with Olympic events?
(i) Olympics 2020- Tokyo
(ii) Olympics 2024- Paris
(iii) Olympics 2028- Los Angeles
(iv) Olympics 2032- Brisbane
(a) i only (b) ii only
(c) iii only (d) All are correct

14. The '100 days Campaign' as the part of 'Azadi ka Amrit Mahotsav' launched by the Ministry of Jal Shakthi.
(a) Amrutham (b) Sujalam
(c) Jal-100 (d) Amrit jal

15. Which State government has decided to use the term 'Union Government' instead of Central Government?
(a) Kerala (b) West Bengal
(c) Tamil Nadu (d) Delhi

16. Which of the following is the formula to convert Celsius Scale into Fahrenheit Scale
(a) $F=(C-32)\times\frac{5}{9}$ (b) $F=(C\times\frac{9}{5})+32$
(c) $F=C+273.5$ (d) $F=(C+\frac{9}{5})\times 32$

17. With reference to the funds under Members of Parliament Local Area Development Scheme (MPLADS) which of the following statements is/are incorrect?
(1) MPLADS funds must be used to create durable assets like physical infrastructure for health education etc.
(2) A Specified portion of each MP's fund must benefit SC/ST Populations.
(3) MPLADS funds are sanctioned on yearly basis and the unused funds cannot be carried forward to the next year.
(a) 1 and 2 (b) 2 and 3
(c) 3 only (d) All are incorrect

18. In which one of the following groups are all the four countries members of G 20?
(a) India, China, Japan, Saudi Arabia
(b) Australia, Canada, Malaysia, New zealand
(c) Brazil, India, Iran, South Korea
(d) USA, Singapore, France, Vietnam

19. Very recently, which among the following countries have hundreds of people injured by 'Fat tailed Scorpions' after heavy rain and storm?
(a) Ecuador (b) Egypt
(c) Mexico (d) Italy

20. Which Batsman holds the world record of smashing the fastest 50,100 and 150 in One Day International Cricket getting the feat in 16, 31 and 64 balls respectively?
(a) Chris Gayle (b) Rohit Sharma




(c) A B Devilliers (d) Shahid Afridi

21) Consider the following functionaries
1. Cabinet Secretary
2. Chief Election Commissioner
3. Union Cabinet Minister
4. Chief Justice of India
Their Correct sequence in the order of precedence is
(a) 1, 2, 3, 4 (b) 4, 3, 1, 2
(c) 3, 4, 1, 2 (d) 4, 3, 2, 1

22) Vogue India's Women of the Award 2020 was awarded to
(a) Nirmala Sitaraman




(b) K K Shailaja (c) Aiswarya Rai
(d) Meera Bai Chanu

23) Which of the following statements about 51st Kerala State Film Awards is/are not correct
(i) 'The Great Indian Kitchen' won the award for Best film with its Writer-Director Jeo Baby being crowned Best screen writer
(ii) The Best Actor award was won by Jayasuriya while the Best Actress award was won by Anna Ben
(iii) The Best Popular Film Award was bagged by Sachy directorial 'Ayyappanum Koshiym'
(iv) Sidharth Siva won Best Director Award
(a) i only (b) i and iv
(c) iii only (d) All are correct

24) Which among the below number given, is the Women's helpline number in India?
(a) 1098 (b) 1009
(c) 1091 (d) 1089

25) The 73rd Constitution Amendment Act, 1992 refers to the
(a) Guarantee of right to life, liberty and security of person equality before law.
(b) Laying the foundation for strong and vibrant Panjayati Raj institutions in the Country
(c) Generation of gainful employment for the un employed and the under employed in rural area
(d) Generation of employment for the able bodied adults who are in the need and desirous of work

26) National Human Rights Commission (NHRC) chairman
(a) Justice Arunkumar Mishra
(b) Justice N V Ramana
(c) Justice S Manikumar
(d) None of the above

27) KITE is a state owned special purpose company under Education Department of the Government of Kerala. KITE stands for

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

(a) Kerala Infrastructure and Technology for Education
(b) Kerala Investment and Technique for Education
(c) Kerala Innovation and Technology for Education
(d) None of the these

28) Other than Venezuela, which one among the following from South America is a member of OPEC (Organisation of Petroleum Exporting Countries)
(a) Brazil (b) Ecuador
(c) Argentina (d) Botivia

29) The 'Rafale' deal controversy is a political controversy in India related to the purchase of 36 multirole fighter aircraft for a price around 59,000 crore by the Defence Ministry of India Name the French Aircraft manufacturer behind this deal?
(a) Dassault Aviation
(b) G E Aviation (c) Raytheon
(d) Northrop Grumman

30) The United Kingdom's plan of operation for what will happen in the days after the death of Queen Elizabeth II (who is 95 years old| is known as
(a) Operation Big Ben
(b) Operation London Bridge
(c) Operation Midnight Sun
(d) Operation White Wash

## ANSWERS

1 (c), 2 (d), 3 (d), 4 (d), 5 (d), 6 (b), 7(a), 8 (d), 9 (a), 10 (b), 11 ( c), 12 (c), 13 (d), 14 (b), 15 (c), 16 (b), 17 (c), 18 (a), 19( b), 20 (c), 21 (d), 22 (b), 23 (d), 24 (c), 25 (b), 26 (a), 27 (a), 28 (b), 29 (a), 30 (b)

# ക്ലോക്ക് 3

തയ്യാറാക്കിയത്: അനുഭേഷ് സുധാകരൻ

**ക്ലോക്കിലെ സമയത്തിന്റെ പ്രതിബിംബത്തിനെ സംബന്ധിച്ച് നിരവധി ചോദ്യങ്ങൾ മത്സര പരീക്ഷകൾക്ക് ചോദിക്കാറുണ്ട്. ആ ചോദ്യങ്ങൾക്ക് എങ്ങനെ ലളിതവും എളുപ്പവുമായ വഴികളിലൂടെ ഉത്തരം കണ്ടെത്താമെന്ന് നമുക്ക് ഇവിടെ പരിചയപ്പെടാം.**

## Mirror Image



### ഓർത്തിരിക്കുക

- ഒരു സമയം തന്നിട്ട് ആ സമയത്തിന്റെ കണ്ണാടിയിലെ പ്രതിബിംബത്തിൽ എന്തായിരിക്കും എന്ന് കാണുവാനും അതുപോലെ തിരിച്ചും കണ്ടുപിടിക്കാൻ ഒരു എളുപ്പവഴിയുണ്ട്. തന്നിരിക്കുന്ന സമയത്തെ 11:60 നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും പ്രതിബിംബത്തിലെ സമയം. അതുപോലെ തന്നിരിക്കുന്ന സമയം ഒരു കണ്ണാടിയിലെ പ്രതിബിംബ സമയമാണെങ്കിലും യഥാർത്ഥ സമയം കണ്ടുപിടിക്കാൻ 11:60 നിന്ന് കുറച്ചാൽ മതിയാകും.
- ഇനി തന്നിരിക്കുന്ന സമയം (യഥാർത്ഥ സമയം/പ്രതിബിംബ സമയം) 11 മണിക്കും 1 മണിക്കും ഇടയിലാണെങ്കിൽ അതിനെ 23:60 നിന്ന് കുറച്ചാൽ ലഭിക്കുന്ന ഉത്തരമായിരിക്കും പ്രതിബിംബ സമയം / യഥാർത്ഥ സമയം.
- ഇനി തന്നിരിക്കുന്ന സമയത്തിന്റെ (യഥാർത്ഥ സമയം/ പ്രതിബിംബ സമയം) മിനിട്ട് പൂജ്യമാണെങ്കിൽ ആ സമയത്തെ 12:00 നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും പ്രതിബിംബ സമയം / യഥാർത്ഥ സമയം.
- ഒരു ക്ലോക്കിലെ സമയവും കണ്ണാടിയിലെ പ്രതിബിംബത്തിലെ സമയവും ഒന്നാകണമെങ്കിൽ ക്ലോക്കിലെ സമയം 12:00 മണിയോ 06:00 മണിയോ ആയിരിക്കുന്നതാണ്.
- എത്ര പ്രാവശ്യമാണ് ഒരു ദിവസം ഒരു ക്ലോക്കിലെ യഥാർത്ഥ സമയവും കണ്ണാടിയിലെ പ്രതിബിംബവും ഒരുപോലെയാകുന്നത്? 4 പ്രാവശ്യം

**ചോദ്യം 1:** ഒരു ക്ലോക്കിൽ സമയം 12:30. ഇതിന്റെ കണ്ണാടിയിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയം 11 മണിക്കും 1 മണിക്കും ഇടയിലാണെങ്കിൽ ആ സമയത്തെ 23:60 എന്ന സംഖ്യയിൽ നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും പ്രതിബിംബ സമയം.

അപ്പോൾ

സമയം 12:30 ആകുമ്പോൾ കണ്ണാടിയിലെ പ്രതിബിംബം = 11:30

23:60
- 12:30
11:30

**ചോദ്യം 2:** ഒരു ക്ലോക്കിൽ സമയം 05:15. ഇതിന്റെ കണ്ണാടിയിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയം 1 മണി മുതൽ 11 മണി വരെയുള്ളതാണെങ്കിൽ ആ സമയത്തെ 11:60 എന്ന സംഖ്യയിൽ നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും പ്രതിബിംബ സമയം.

അപ്പോൾ 11:60
- 05:15
06:45

സമയം 05:15 ആകുമ്പോൾ കണ്ണാടിയിലെ പ്രതിബിംബം = 06:45

**ചോദ്യം 3:** പ്രതിബിംബ സമയം 08:48. എങ്കിൽ യഥാർത്ഥ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയം 1 മണി മുതൽ 11 മണി വരെയുള്ളതാണെങ്കിൽ ആ സമയത്തെ 11:60 എന്ന സംഖ്യയിൽ നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും യഥാർത്ഥ സമയം.

അപ്പോൾ 11: 60
- 08: 48
03: 12

പ്രതിബിംബ സമയം 08.48 ആകുമ്പോൾ യഥാർത്ഥ സമയം = 03.12

**ചോദ്യം 4:** പ്രതിബിംബ സമയം 07:00. എങ്കിൽ യഥാർത്ഥ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയത്തിൽ മിനിട്ട് പൂജ്യമായതിനാൽ 12:00 എന്ന സംഖ്യയിൽ നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും യഥാർത്ഥ സമയം.

അപ്പോൾ 12: 00
-07: 00
05: 00

പ്രതിബിംബ സമയം 07:00 ആകുമ്പോൾ യഥാർത്ഥ സമയം = 05:00

**ചോദ്യം 5:** സമയം 07:35:45. എങ്കിൽ കണ്ണാടിയിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** സാധാരണയായി 11നെക്കാൾ ചെറിയ സമയമാണെങ്കിൽ തന്നിരിക്കുന്ന സമയത്തെ 11:60 ൽ നിന്ന് കുറച്ചാൽ മതി. എന്നാൽ ഇവിടെ സെക്കന്റ് കൂടി പറഞ്ഞിട്ടുള്ളതിനാൽ തന്നിരിക്കുന്ന സമയത്തെ 11:59:60 നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും കണ്ണാടിയിലെ പ്രതിബിംബം.

11: 59: 60
- 07: 35: 45
04: 24: 15

സമയം 07:35:45 ആകുമ്പോൾ പ്രതിബിംബ സമയം = 04:24:15


**ചോദ്യം 6:** സമയം 12:55:15. എങ്കിൽ കണ്ണാടിയിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** സാധാരണയായി 11നെക്കാൾ വലിയ സമയമാണെങ്കിൽ തന്നിരിക്കുന്ന സമയത്തെ 23:60 ൽ നിന്ന് കുറച്ചാൽ മതി. എന്നാൽ ഇവിടെ സെക്കന്റ് കൂടി പറഞ്ഞിട്ടുള്ളതിനാൽ തന്നിരിക്കുന്ന സമയത്തെ 23:59:60 നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും കണ്ണാടിയിലെ പ്രതിബിംബം.

23: 59: 60
-12: 55: 15
11: 04: 45

സമയം 12:55:15 ആകുമ്പോൾ പ്രതിബിംബ സമയം = 11:04:45

## Water Image



### ഓർത്തിരിക്കുക

- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) മിനിട്ട് 1 നും 29 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:30 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് (ജല പ്രതിബിംബം / യഥാർത്ഥ) ഉത്തരം.
- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) മിനിട്ട് 31 നും 59 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:90 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് (ജല പ്രതിബിംബം / യഥാർത്ഥ) ഉത്തരം.
- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) മിനിട്ട് 0 മോ 30 തോ ആണെങ്കിൽ ആ സമയത്തെ 18:30 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് (ജല പ്രതിബിംബം/യഥാർത്ഥ) ഉത്തരം.
- എത്ര പ്രാവശ്യമാണ് ഒരു ദിവസം ഒരു ക്ലോക്കിലെ യഥാർത്ഥ സമയവും ജല പ്രതിബിംബവും ഒരുപോലെയാകുന്നത്? ഒരിക്കലും കാണിക്കില്ല

**ചോദ്യം 1:** ഒരു ക്ലോക്കിൽ സമയം 05:25. ഇതിന്റെ ജലത്തിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയത്തിലെ മിനിട്ട് 1 നും 29 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:30 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് ജല പ്രതിബിംബം.

അപ്പോൾ 17: 30
- 05: 25
12: 05

സമയം 05:25 ആകുമ്പോൾ ജല പ്രതിബിംബം = 12:05

**ചോദ്യം 2:** ഒരു ക്ലോക്കിൽ സമയം 04:40. ഇതിന്റെ ജലത്തിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയത്തിലെ മിനിട്ട് 31 നും 59 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:90 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് ജല പ്രതിബിംബം.

അപ്പോൾ 17: 90
- 04: 40
13 :50

സമയം 04:40 ആകുമ്പോൾ ജല പ്രതിബിംബം = 13:50 അഥവാ 01:50

**ചോദ്യം 3:** ഒരു ക്ലോക്കിൽ സമയം 10:00. ഇതിന്റെ ജലത്തിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയത്തിലെ മിനിട്ട് 0 മോ 30 തോ ആണെങ്കിൽ ആ സമയത്തെ 18:30 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് ജല പ്രതിബിംബം.

അപ്പോൾ 18:30
- 10:00
08:30

സമയം 10:00 ആകുമ്പോൾ ജല പ്രതിബിംബം = 08:30

**ചോദ്യം 4:** ഗ്ലാസ് ടോപ്പ് ആയ ഒരു മേശയിൽ ഇരിക്കുന്ന Time piece ന്റെ പ്രതിബിംബം 08:20 ആണ്. എങ്കിൽ യഥാർത്ഥ സമയം എത്രയാണ് ?

**ഉത്തരം:** ഇവിടെ ഗ്ലാസ് ടോപ്പിലെ പ്രതിബിംബം ഒരു ജല പ്രതിബിംബമാണ്. ആയതിനാൽ തന്നിരിക്കുന്ന സമയത്തിലെ മിനിട്ട് 1 നും 29 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:30 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് യഥാർത്ഥ സമയം.

അപ്പോൾ 17:30
- 08:20
09:10

ഗ്ലാസ് ടോപ്പിലെ പ്രതിബിംബം 08:20ആകുമ്പോൾ യഥാർത്ഥ സമയം = 09:10

**ചോദ്യം 5:** ഒരു ക്ലോക്കിൽ സമയം 07:10:25. ഇതിന്റെ ജലത്തിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയത്തിലെ മിനിട്ട് 1 നും 29 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:30 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് ജല പ്രതിബിംബം.

എന്നാൽ ഇവിടെ സെക്കന്റ് കൂടി പറഞ്ഞിട്ടുള്ളതിനാലും അത് 30 നേക്കാൾ ചെറുതായതിനാലും തന്നിരിക്കുന്ന സമയത്തെ 17:29:30 നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും ജലത്തിലെ പ്രതിബിംബം.

അപ്പോൾ 17:29:30
- 07:10:25
10:19:05

സമയം 07:10:25 ആകുമ്പോൾ ജല പ്രതിബിംബം =10:19:05

**ചോദ്യം 6:** ഒരു ക്ലോക്കിൽ സമയം 08:35:50. ഇതിന്റെ ജലത്തിലെ പ്രതിബിംബ സമയം എത്രയാണ് ?

**ഉത്തരം:** തന്നിരിക്കുന്ന സമയത്തിലെ മിനിട്ട് 31നും 59 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:90 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് ജലപ്രതിബിംബം.

എന്നാൽ ഇവിടെ സെക്കന്റ് കൂടി പറഞ്ഞിട്ടുള്ളതിനാലും അത് 30 നേക്കാൾ വലുതായതിനാലും തന്നിരിക്കുന്ന സമയത്തെ 17:89:90 നിന്ന് കുറച്ചാൽ കിട്ടുന്ന ഉത്തരമായിരിക്കും ജലത്തിലെ പ്രതിബിംബം.

അപ്പോൾ 17:89:90
- 08:35:50
09:54:40

സമയം 08:35:50 ആകുമ്പോൾ ജല പ്രതിബിംബം = 09:54:40

### ഓർത്തിരിക്കുക

- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) മിനിട്ട് 1നും 29 നും ഇടയിലും സെക്കന്റ് 1 നും 30നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:29:30 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് (ജല പ്രതിബിംബം /യഥാർത്ഥ) ഉത്തരം.
- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) മിനിട്ട് 1നും 29 നും ഇടയിലും സെക്കന്റ് 31 നും 59 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:29:90 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് (ജല പ്രതിബിംബം/യഥാർത്ഥ) ഉത്തരം.
- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) മിനിട്ട് 31 നും 59 നും ഇടയിലും സെക്കന്റ് 1നും 30 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:89:30 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് (ജല പ്രതിബിംബം/ യഥാർത്ഥ) ഉത്തരം.
- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) മിനിട്ട് 31 നും 59 നും ഇടയിലും സെക്കന്റ് 31 നും 59 നും ഇടയിലാണെങ്കിൽ ആ സമയത്തെ 17:89:90 നിന്ന് കുറച്ചാൽ കിട്ടുന്ന സമയമാണ് (ജല പ്രതിബിംബം / യഥാർത്ഥ) ഉത്തരം.
- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) സെക്കന്റ് 1 നും 30 നും ഇടയിലും ഒപ്പം മിനിട്ട് 0 മോ 30 തോ ആണെങ്കിൽ ആ സമയത്തെ 18:29:30 നിന്ന് കുറച്ചാൽ ലഭിക്കുന്ന സമയമാണ് (ജല പ്രതിബിംബം/യഥാർത്ഥ) ഉത്തരം.
- തന്നിരിക്കുന്ന സമയത്തിലെ (യഥാർത്ഥ/ജല പ്രതിബിംബം) സെക്കന്റ് 31നും 60 നും ഇടയിലും ഒപ്പം മിനിട്ട് 0 മോ 30 തോ ആണെങ്കിൽ ആ സമയത്തെ 18:29:90 നിന്ന് കുറച്ചാൽ ലഭിക്കുന്ന സമയമാണ് (ജല പ്രതിബിംബം/യഥാർത്ഥ) ഉത്തരം.

(തുടരും)

**(പേജ് 10ൽ നിന്ന്)**

വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ റഗുലർ സർവീസിൽ ഇല്ലാത്തവരും ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തിൽപ്പെടാത്തവരുമായ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായപരിധി :** 18-50. ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**7. യോഗ്യതകൾ :**

1. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത റെഗുലർ സർവ്വീസ് ഉള്ളവരും സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരായിരിക്കണം. അത്തരക്കാർ അപേക്ഷ സമർപ്പിക്കുന്ന തീയതിയിലും പുതിയ തസ്തികയുടെ നിയമന തീയതിയിലും മെമ്പർ സൊസൈറ്റിയിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. ബി.സി.എ/മാത്തമാറ്റിക്സ്/കോമേഴ്സ്/ഫിസിക്സ്/സ്റ്റാറ്റിസ്റ്റിക്സ് എന്നിവയിലേതെങ്കിലും വിഷയത്തിലുള്ള ബിരുദവും കമ്പ്യൂട്ടർആപ്ലിക്കേഷൻ/കമ്പ്യൂട്ടർ സയൻസ്/ ടെക്നോളജിയിലുള്ള ഡിപ്ലോമയും / എം.സി.എ

**കുറിപ്പ്:** 1. ബന്ധപ്പെട്ട അപ്പെക്സ് /കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ /അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/ അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമല്ല.

**8.** ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം പ്രസ്തുത സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റ് താഴെ കൊടുക്കുന്ന മാതൃകയിലായിരിക്കണം.

**(സർവീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

## കാറ്റഗറി നമ്പർ : 574/2021
## പ്യൂൺവാച്ച്മാൻ (കെ.എസ്.എഫ്.ഇ ലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം) എൻ.സി.എ (എസ്.സി.സി.സി)
## കേരള സ്റ്റേറ്റ് ഫിനാൻഷ്വൽ എന്റർപ്രൈസസ് ലിമിറ്റഡ്
## രണ്ടാം എൻ.സി.എ വിജ്ഞാപനം എസ്സിസിസി

**1. വകുപ്പ്** : കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : പ്യൂൺവാച്ച്മാൻ (കെ.എസ്.എഫ്.ഇ ലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം) എൻ.സി.എ (എസ്.സി.സി.സി)

**3. ശമ്പളം** : ₹7735-13090/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്) (എസ്.സി.സി.സി01)

**കുറിപ്പ്:** (1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി ഈ തസ്തികയുടെ 30.11.2018 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നമ്പർ 383/2017) മേൽപ്പറഞ്ഞ സംവരണ സമുദായത്തിന്റെ ഊഴങ്ങൾ നികത്തപ്പെടുന്നതു വരെയോ, ടി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും. 12.10.2017 തീയതിയിലെ കാറ്റഗറി നമ്പർ 383/2017 വിജ്ഞാപനപ്രകാരവും, 15.09.2020 തീയതിയിലെ കാറ്റഗറി നമ്പർ 122/2020 ഒന്നാം എൻ.സി.എ വിജ്ഞാപനപ്രകാരവും പ്രസ്തുത വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്.നിയമനശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്.എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിൽ പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ , പാക്കർ , ഡെസ്പാച്ചർ , ഗാർഡ്നർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി (എസ്.സി.സി.സി) സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം. അപേക്ഷ തീയതിയിൽ പ്രസ്തുത സ്ഥാപനത്തിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള സേവനം ഉണ്ടായിരിക്കണം)

**കുറിപ്പ്:** എസ്.സി.സി.സി വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

**6. പ്രായപരിധി** : 18-50 ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾ ബാധകമല്ല.

**7. യോഗ്യതകൾ** : (1) ആറാം ക്ലാസ് (പുതിയത്) പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം

(2) അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ മേൽ പറഞ്ഞ സ്ഥാപനത്തിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**8.** (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ v, viii, ix, x, xi & xiii ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 575/2021
## മാർക്കറ്റിംഗ് ഓർഗനൈസർ
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## രണ്ടാം എൻ.സി.എ. വിജ്ഞാപനം പട്ടികജാതി (സൊസൈറ്റി വിഭാഗം)

**1. സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : മാർക്കറ്റിംഗ് ഓർഗനൈസർ

**3. ശമ്പളം** : ₹ 6520-11745/ (PR)

**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്) (സൊസൈറ്റി കാറ്റഗറി)

**കുറിപ്പ്:** 1. മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഒഴിവ് ഈ തസ്തികയുടെ 18.05.2017ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ (സൊസൈറ്റി വിഭാഗം, കാറ്റഗറി നം. 048/2013) പട്ടികജാതി സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽപ്പറഞ്ഞ ഒഴിവ് നികത്തപ്പെടുന്നതുവരെയോ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ, ഏതാണോ ആദ്യം, അതുവരെ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 25. 08.2020, കാറ്റഗറി നം. 091/2020) പ്രകാരം പട്ടിക ജാതി സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

2. ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

3. കെ.സി.എസ്. ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) സ്ഥിരമായി ജോലി ചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ റഗുലർ സർവീസിൽ ഇല്ലാത്തവരും പട്ടികജാതി വിഭാഗത്തിൽപ്പെടാത്തവരുമായ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 18-50 ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**7. യോഗ്യതകൾ :** 1. കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത റെഗുലർ സർവ്വീസ് ഉള്ളവരും സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരായിരിക്കണം. അത്തരക്കാർ അപേക്ഷ സമർപ്പിക്കുന്ന തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റിയിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബി.കോം / ബി.ബി.എ. /ബി.ബി.എം/ബി.എസ് സി(കോഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിലെ ബിരുദം.

**കുറിപ്പ്:** 1. ബന്ധപ്പെട്ട അപ്പെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ / അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/ അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമല്ല.

**8.** ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം പ്രസ്തുത സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**9.** പൊതു വ്യവസ്ഥയിലെ 2, 5(a), 7 എന്നീ ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 576/2021
## സെക്യൂരിറ്റി ഗാർഡ്
## ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
## നാലാം എൻ സി എ വിജ്ഞാപനം

**1 വകുപ്പ്/സ്ഥാപനം** : ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ്

**3 ശമ്പളം** : ₹5850-8730/

**4 ഒഴിവുകളുടെ എണ്ണം** : എൻസിഎ ഒബിസി 01(ഒന്ന്)

**കുറിപ്പ് :** I) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് കാറ്റഗറി നമ്പർ 469/2010 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 09.05.2016നു പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയിൽ ഒബിസി വിഭാഗത്തിൽ പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിലവിൽ വന്ന ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമനശിപാർശ ചെയ്ത് നിയമിക്കപെടുന്നത് വരെയോ, ഈ വിജ്ഞാപന പ്രകാരമുള്ള എൻ സി എ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചുമൂന്ന് വർഷമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത്, അത് വരെ കാലാവധി ഉണ്ടായിരിക്കും. ഇത് 31/10/2017ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 446/2017 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻസിഎ വിജ്ഞാപനത്തിലും,15/11/2019 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 248/19 ആയി പ്രസിദ്ധീകരിച്ച രണ്ടാം എൻസിഎ വിജ്ഞാപനത്തിലും, 15.12.2020 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 354/2020 ആയി പ്രസിദ്ധീകരിച്ച മൂന്നാം എൻസിഎ വിജ്ഞാപനത്തിലും ഉദ്യോഗാർഥികളുടെ അഭാവം മൂലം ഉണ്ടായ നാലാം എൻസിഎ വിജ്ഞാപനമാണ്

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5. നിയമന രീതി :** വിമുക്തഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം(ഒബിസി സമുദായം മാത്രം) വിമുക്ത ഭടന്മാരല്ലാത്തവരോ ഒ ബി സി സമുദായത്തിൽ ഉൾപ്പെടാത്ത ഉദ്യോഗാർത്ഥികളോ സമർപ്പിക്കുന്ന അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

**6. പ്രായപരിധി**: 18-49 ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2003 നു ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥ ഖണ്ഡിക 2(1) ലെ ആനുകൂല്യം ഉൾപ്പെടെ

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട്2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2,(vi)നോക്കുക.)

**7. യോഗ്യതകൾ :**

1. എസ്എസ്എൽസി തോറ്റവരായിരിക്കണം. (എസ്എസ്എൽസി പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.)

2. സായുധ സേനകളിൽ, അതായത്, കര, വ്യോമ, നാവിക സേനകളിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം.

3. സൈക്ലിംഗ്

4. ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് പ്രാബല്യത്തിലുള്ളഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

**കുറിപ്പ് :** സ്ത്രീകളും ഭിന്നശേഷിക്കാരും ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.

8 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v),(vii ) (viii), (ix),(x), (xi),(xiii)&(xiv) എന്നീ ഉപഖണ്ഡികകളും 5(a), 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## എൻ.സി.എ. റിക്രൂട്ട്മെന്റ് ജില്ലാതലം

## കാറ്റഗറി നമ്പർ : 577/2021
## ഫുൾടൈം ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) L.P.S
## വിദ്യാഭ്യാസം
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഫുൾടൈം ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) L.P.S

**3. ശമ്പളം** : ₹ 25200-54000/ (PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ പട്ടികജാതി മലപ്പുറം-17

(11.11.2016 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 394/16ആയും 24.09.2018ലെ

ഗസറ്റിൽ കാറ്റഗറി നമ്പർ 181/18ആയും വിജ്ഞാപനം ചെയ്തിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതു കൊണ്ടുള്ള മൂന്നാം എൻ സി എ വിജ്ഞാപനം)

(i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലകളിലേയ്ക്ക് ഓരോ സമുദായത്തിനായി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ സി എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 02.12.2015 | 12/2012 |

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

